കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ

(മഹാഭാരതപുനരാഖ്യാനം: ഭാഗം മുപ്പത്തിനാല്)

കെ പി നിർമ്മൽകുമാർ



കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ
കെ പി നിർമ്മൽകുമാർ
(മലയാളം: മഹാഭാരതപുനരാഖ്യാനം, ഭാഗം മുപ്പത്തിനാല്)

© 2015–2025, K P Nirmalkumar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeLaTeX from TeXLive 2023 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Buddha and the Lame Kid in Footfalls of Indian History, a painting by Nandalal Bose (1882–1966). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

— 34 —

“നടപ്പുഭാഷയിൽ പറഞ്ഞാൽ നിങ്ങൾ ഒരു ‘കലസ്ത്രീ’ അല്ലെ? പെൺപിടിയൻദുശ്ശാസനൻ നിങ്ങളുടെ ഭർത്താവാണെന്നു പുറംലോകം അറിയുന്നതൊരു മോശംകാര്യം എന്ന ബോധ്യം ഇനിയെങ്കിലും വന്നുവോ?” കൊട്ടാരം ലേഖിക ദുശ്ശാസനവധുവിനോട്ട് ചോദിച്ചു. പാണ്ഡവ ‘കലസ്ത്രീ’യെ ബലാൽക്കാരം ചെയ്യാൻ ശ്രമിച്ച ഉരുതരകൃത്തിന്, കുരുവംശ മൂപ്പിളമശ്രേണിയിൽ രണ്ടാമനായ ദുശാസനരാജകുമാരന് അന്തഃപുരത്തിൽ പ്രവേശനം നിരോധിക്കാൻ ചാർവാകനേതൃത്വത്തിൽ പ്രക്ഷോഭം തുടങ്ങിയ പ്രഭാതം.

“എനിക്കും അഭിവന്ദ്യ ഭർത്താവിനും പാഞ്ചാലിയെ നവ പാണ്ഡവ വധുവെന്ന നിലയിൽ നേരത്തെ പരിചയമുണ്ട്. ചൂതാട്ടത്തിനു പാണ്ഡവകുടുംബം ഇവിടെവന്ന അന്നും സൗഹൃദം പുതുക്കി. രാത്രിയോടെയാണ്, ചൂതാട്ടകളിയിടത്തിൽ പാണ്ഡവ പിടിപ്പുകേടിനാൽ ‘മഹാറാണി പാഞ്ചാലി’യുടെ ഇന്ദ്രപ്രസ്ഥംരാജപദവി നഷ്ടപ്പെട്ടതും, ചൂതാട്ടഭ്രമക്കാരനായ യുധിഷ്ഠിരൻ, എന്നിട്ടും അനധികൃതമായി അവളെ പണയം വച്ചുകളിച്ച കൗരവഅടിമയായതും. ഹസ്തിനപുരിനിയമമനുസരിച്ച, അടിമയായാൽ അവളുടെ പൂർവ്വാശ്രമം, നിതിപീഠം പരിഗണിക്കുകയില്ല. ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി എന്ന തലേന്നത്തെ അവസ്ഥ മാറി, കൗരവഉടയോന്റെ പെൺഅടിമയായി പരിവർത്തനം ചെയ്തു. ഞാൻ ജനിച്ച വടക്കു പടിഞ്ഞാറൻ നാട്ടു രാജ്യങ്ങളിൽ ‘പെൺഅടിമ’ എന്നല്ല വിളിക്കുക, ‘ലൈംഗികഅടിമ’ എന്നാണ്. കുറച്ചൊക്കെ കാര്യങ്ങൾ നിങ്ങൾക്കറിയാമല്ലോ. പക്ഷേ, അഭിവന്ദ്യസത്യവതി രാജമാതാവായിരുന്നപ്പോൾ, ഹസ്തിനപുരിയുടെ സാംസ്കാരികനവോത്ഥാനത്തിൽ ‘ലൈംഗികഅടിമ’ എന്ന ഹീനപരാമർശം നിയമാവലിയിൽ നിന്നും പിൻവലിച്ചു, നിയമത്തിന്റെ ദൃഷ്ടിയിൽ അങ്ങനെ അവൾ വെറും ‘അടിമ’യായി. എന്നിട്ടും അതിന്റെ സാമൂഹ്യപരമായ അർത്ഥാന്തരങ്ങൾ അംഗീകരിക്കാതെ, പാഞ്ചാലി ചൂതാട്ടസഭയിൽ പ്രകോപിതയായപ്പോൾ ആയിരുന്നല്ലോ ചൂത്കളിയിടത്തിൽ കണ്ട ഉന്തും തള്ളും. അല്പവസ്ത്രപാഞ്ചാലി വിവസ്ത്രയാവും മുമ്പുതന്നെ, മയൻനിർമ്മിത കൗരവസഭയിലൊരു പെണ്ണനക്കുലമായ ക്രൂരരുട്ട് പടർന്ന, അംഗവസ്ത്രം ആരോ അവൾക്ക് മുകളിൽ നിന്നും അദൃശ്യമായി എറിഞ്ഞു കൊടുത്തു. ചുറ്റും പ്രകാശം പരന്നപ്പോൾ, അവൾ, അതാ പരിപൂർണ്ണ വസ്ത്രാലംകൃത! ഈ വസ്തുത ഭീഷ്മനീതിപീഠത്തിൽ കൗരവഅഭിഭാഷകൻ എത്തിച്ചുകഴിഞ്ഞാൽ ദുശ്ശാശാസൻ നേരിയ ശാസനയോടെ പരിപൂർണ്ണ കുറ്റവിമുക്തനാവും.

“ഒരു ഭാര്യക്ക് ഒരു ഭർത്താവു” എന്ന സ്ത്രീനീതിമുദ്രാവാക്യം അവനല്ലേ നാടൊട്ടുക്ക് പ്രചരിപ്പിച്ചതു! പാണ്ഡു, മാദ്രിയെ വിവാഹം ചെയ്യാനുറച്ചപ്പോൾ, “അരുതേ അനീതി, കുന്തി ഒരാൾ മാത്രം മതി നിങ്ങൾക്കും ഭാര്യ, ധൃതരാഷ്ട്രർക്ക് പ്രിയ ഗാന്ധാരി പോലെ” എന്ന് നിലവിളിച്ച കാലം പൊയ്പോയ ഹസ്തിനപുരിക്കുണ്ട്, ഒന്നും നിങ്ങൾ മറക്കരുത്.”

“പാഞ്ചാലീസ്വയംവരത്തിൽ മത്സരിക്കാൻ വന്ന ബ്രാഹ്മണവേഷങ്ങളെ നോക്കു. നമ്മുടെ പഴയ പരിചയക്കാരായ പാണ്ഡവരെ പോലെ തോന്നുന്നുണ്ടോ?”, കർണൻ ദുര്യോധനചെവിയിൽ മന്ത്രിച്ചു.

“എന്തിനു തോന്നണം! വാരണാവതം സുഖവാസ മന്ദിരത്തിൽ അർദ്ധരാത്രി ഉണ്ടായ ദൈർഭാഗ്യകരമായ അഗ്നിബാധയിൽ, അവരും ഞങ്ങളുടെ പിതൃസഹോദര ഭാര്യ കുന്തിയും, വെന്തു, ഭൌതികാവശിഷ്ടങ്ങൾ കാശിയിലെ മണികർനികാഘട്ടത്തിൽ ശ്രാദ്ധം ചെയ്തിട്ട് അധികകാലമൊന്നും ആയില്ലല്ലോ, പ്രിയ സുഹൃത്തേ. ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റ അതേ ശ്രുപത്തിൽ ബ്രാഹ്മണരായി പുനർജനിക്കുമൊ ഇത്ര വേഗം ആ പാപികൾ?”, വിശ്വസ്ത അനുയായിയുടെ ചുമലിൽ മൃദുവായി കൈവച്ച കടിലകൌരവൻ പുഞ്ചിരിച്ചു. മത്സരത്തിന്റെ നിബന്ധനകൾ പഞ്ചാലൻ പറഞ്ഞു തുടങ്ങിയപ്പോൾ സദസ്സിൽ പരപരപ്പ് തുടങ്ങി.

“വേനൽക്കാലമല്ലേ, കിടപ്പറയിലെ അഴിയില്ലാജാലകം അശ്രദ്ധമായി ഇങ്ങനെതുറന്നിട്ടാൽ, വല്ല ഇഴജീവികളും അകത്തു കടക്കില്ലേ?, തൊട്ടപ്പുറത്തൊരു നീരൊഴുക്കുള്ളതല്ലേ?”, കൊട്ടാരം ലേഖിക ചോദിച്ചു. ഹസ്തിനപുരിയുടെ പൊള്ളുന്നചൂടില്ലെങ്കിലും, താഴ്വരയിലെ വസതിക്കു ചുറ്റും വെയിലുള്ള മദ്ധ്യാഹ്നം. പാണ്ഡവർ അക്ഷയപാത്രത്തിൽ കൈവച്ച നേരം.

“പുറത്തുള്ള ജീവികൾക്കു അകത്തു പ്രവേശിക്കാനുള്ളതല്ല മയൻ നിർമ്മിത വിചിത്രജാലകം. വീട്ടുപണി കഴിഞ്ഞു ഞാൻ കിടക്കും മുമ്പ്, ഉറങ്ങിപ്പോവുന്ന അഞ്ചു ഇഴജീവികൾക്കു ഞാനറിയാതെ നിശാവിനോദത്തിനു പുറത്തു പോവാനും, ഞാനുണരും മുമ്പ് നഴഞ്ഞു കൂട്ടു കിടക്കാനും സൗകര്യമുള്ള മായികജാലകമാണ്. ഒളിഞ്ഞിരുന്നു നോക്കാമെങ്കിൽ, പ്രഹസനം നേരിൽ കാണാം, അവരുമായി മത്സരിക്കാൻ നിങ്ങൾ സൂചിപ്പിച്ച ‘പുറത്തെ ഇഴജീവികൾ’ അങ്ങനെ ധൈര്യപ്പെടുകയില്ല!”

◇ 2025/04/02 ◇

“പാഞ്ചാലി നിങ്ങളെ പട്ടിണിക്കിടുന്ന എന്നോ? അതിന ല്ലേ ദുര്യോധനൻ അക്ഷയപാത്രം തന്നത്?” കൊട്ടാരം ലേഖിക ഭീമനോട്ട് ചോദിച്ചു, വനവസക്കാലം.

“നല്ല നേരം നോക്കണം അതിൽ വറ്റ് തടയാൻ, ഞങ്ങൾ വിശപ്പ് സഹിക്കാൻ വയ്യാതായപ്പോൾ കാട്ടിൽ ഇറ ങ്ങും, കാട്ടുപോത്ത് മുതൽ പുള്ളിമാൻ വരെ കയ്യിൽ കി ട്ടിയതിനെ ചുമന്നു കൊണ്ടുവരും, തൊലി ഉരിക്കുക വെ ട്ടുക പൊളിക്കുക ഇറച്ചിയാക്കി മുളകു പുരട്ടി പൊരിച്ചെ ടുക്കുക ഇതിലൊന്നും അവൾ ഇടപെടില്ല. ഊട്ടുപുരയിൽ ഞങ്ങൾക്കു ചൂടായി വിളമ്പാൻ വിളിച്ചാൽ അവൾ വരില്ല. ഇതാണോ ദാമ്പത്യം? നാളെ ഞങ്ങൾ തന്നെ വേണ്ടേ കൗരവ നിഗ്രഹം ഹസ്തിനപുരി പട്ടാഭിഷേകം പാഞ്ചാ ലി മഹാറാണി പദവി നേടാൻ ഇതൊക്കേ ഞാൻ വേ ണ്ടേ നിവൃത്തിച്ചു കൊടുക്കാൻ? കുന്തിയെ പോയി കണ്ട് കുന്തിയോട് പറയൂ ഞങ്ങൾക്കു ദാമ്പത്യത്തിൽ പ്രയാസ മുണ്ട്.”

“പഴങ്ങളും പച്ചവെള്ളവും കഴിച്ചു ജീവൻ നില നിർത്താൻ കഴിയുന്ന പാഞ്ചാലി എവിടെ, വേട്ടമൃഗങ്ങളെ വെട്ടിത്തി ന്നുന്ന പാണ്ഡവർ എവിടെ.”

◇ 2025/04/03 ◇

“ദുര്യോധനൻ ചെയ്യുന്ന കുറ്റകൃത്യങ്ങളിൽ ഒന്നും പ്രതിഷേധിക്കാതെ, ബാലപാണ്ഡവരെ മാത്രം പ്രതിസ്ഥാനത്തു നിർത്തിയോ കുന്തി?”, മാദ്രീപുത്രനും ഇളമുറ പാണ്ഡവനുമായ നകുലനോട് കൊട്ടാരം ലേഖിക ചോദിച്ചു. വിദുരരുമൊത്തു കുന്തി വനവാസത്തിനു പോവുന്ന പാണ്ഡവ ഭരണകാലം.

“പിന്നെന്തുവേണം, കൗരവരിൽ നിന്നും അരക്ഷിതാവസ്ഥ നേരിടുന്ന ഞങ്ങളഞ്ചുപേർ കുന്തിയുടെ വാക്കുകളിൽ വായിച്ചെടുക്കാൻ? കൗരവരും ഞങ്ങളും വംശീയ വിവേചനമില്ലാതെ ഊട്ടുപുരയിൽ ഒരുപന്തിയിലിരിക്കണം എന്നു നിർദേശിച്ച പിതാമഹനു സ്തുതി, കൂട്ടികൗരവർക്കു ശേഷം ഞങ്ങൾക്ക് വിളമ്പിക്കിട്ടിയ ‘എല്ലും പൊടിയും’ ആർത്തിയോടെ വാരിത്തിന്നുമ്പോൾ കാണാം, കുന്തിയുടെ എഴുന്നെള്ളത്തും, ഞങ്ങളഞ്ചുപേരെ അർഥംവച്ച് തുറിച്ചുനോക്കലും. ബാലദുര്യോധനനെ ചൂണ്ടിക്കാണിച്ച കുന്തി ശ്രദ്ധയാകർഷിക്കാൻ വിരൽ ഞൊടിക്കും. കൃത്യം കടിക്കേണ്ടയിടത്തു കടിച്ചാണ് കാളക്കാലിൽ നിന്നിറച്ചി ദുര്യോധനൻ വായിലാക്കുന്നതെന്നു നോക്കിപഠിക്കാൻ നിന്ദയോടെ പറയും. വിരലുകൾ കൊണ്ടവൻ സസ്യവും സസ്യേതരവുമായ ഭക്ഷണം വായിലാക്കുന്നതിനെന്തു ചന്തം! എന്നവൾ നാടകീയമായി വിസ്മയിക്കും. ഉണ്ണുമ്പോൾ ഞങ്ങളെപ്പോലെ വായിൽ എറിഞ്ഞ ഭക്ഷണം അണ്ണാക്കിൽ എത്തുംമുമ്പ് അടുത്ത ഉരുള വായിലേക്കവൻ വക്കില്ല. അപശബ്ദങ്ങളില്ലാതെ ഭക്ഷണം കഴിക്കുന്നതൊരു മോഹന ദൃശ്യാനുഭവമാക്കുന്ന ഈ കൗരവക്കുട്ടി എവിടെ, കയ്യിൽ കിട്ടിയതെന്തും ഉടൻ വായിലിട്ടമുക്കുന്ന ബാല പാണ്ഡവരെവിടെ. ദുര്യോധനിലൂടെയും ദുശ്ശാസനിലൂടെയുമായിരിക്കും കുരുവംശ കുലീനതയുടെ കഥ, സമൂഹമറിയുകയെന്നു കണ്ണുരുട്ടി ഞങ്ങളെ കുന്തി താക്കീതുചെയ്യും! ആ കുന്തിയാണിപ്പോൾ ജീവിതാന്ത്യം കാട്ടിൽ കഴിയട്ടെ എന്ന പിടിവാശിയിൽ, എന്നാൽ പരിഭവത്തിൽ, പടിയിറങ്ങുന്നത്. രാജമാതാ പദവി കുന്തിക്ക് വിട്ടു കൊടുത്താൽ, അന്തഃപുരത്തിൽ രണ്ടു അധികാരകേന്ദ്രങ്ങൾ ഉണ്ടാവുമെന്ന പാഞ്ചാലിയുടെ ആശങ്ക ഞങ്ങൾ പരിഗണിക്കേണ്ടേ? കുന്തിയുടെ അധികാരമോഹം സാധിച്ചുകൊടുക്കണോ, പാഞ്ചാലിയുടെ അന്തഃസംഘർഷം മാറ്റിക്കൊടുക്കണോ? നിങ്ങൾ പറയൂ!”

◇ 2025/04/04 ◇

"'അസ്വാഭാവിക ശരീരസ്പർശ'ത്തിന്നെതിരെ പ്രതിഷേധവുമായി കോട്ടവാതിലിന്ന മുമ്പിൽ കൗരവരാജകുമാരികൾ നിരാഹാരമിരിക്കുമ്പോൾ, 'ആജീവനാന്തബ്രഹ്മചാരി' പട്ടത്തിൽ ചതവ് വീണ എന്ന തോന്നലുണ്ടോ?", കൊട്ടാരം ലേഖിക ഭീഷ്മരോട് ചോദിച്ചു.

"കരിമ്പാറക്കെട്ടാണെന്റെ ബ്രഹ്മചര്യമെന്നറിയുന്നവർ ഈ പ്രകടനങ്ങൾ കണ്ടാലൊന്നും കീഴടങ്ങില്ല. ലൈംഗികാസ്വാദനത്തിന്റെ പേരിൽ എന്നെ അളക്കാനോ ഇളക്കാനോ പെണ്ണടലിനാവില്ല എന്നതൊരു അവകാശവാദമല്ല, അംഗീകൃത സത്യമാണ്. രതിയൂർജ്ജംകലർന്ന കൗമാരകാലരക്തം ഞരമ്പുകളിൽ ഓടുന്ന കാലത്തായിരുന്ന ഉർവശിയെപോലൊരു സുന്ദരി ആദ്യമായി പ്രലോഭിപ്പിച്ചത്. വൃദ്ധശന്തനുവിന്റെ യുവഭാര്യ. ബ്രഹ്മചര്യം വിജയിച്ചു. 'വിചിത്രവീര്യന്റെ വിധവക'ളുമായി സഹകരിച്ചു കുരുവംശത്തിന്ന സന്തതികളെ കൊടുക്കണമെന്ന്, രാജമാതാവെന്ന നിലയിൽ സത്യവതി ചെയ്ത യാചന ഞാൻ നിരാകരിച്ചു. നിരാകരണങ്ങളുടെ നീണ്ട നിരയായിരുന്നു, പാണ്ഡവാഭിമുഖ്യം സംശയിച്ച എന്നെ തളർത്താൻ കൂടിലുദ്യോധനൻ തട്ടിക്കൂട്ടിയ കപടനാടകത്തിൽ, കൗരവരാജകുമാരികൾ ഇരകളായി. കാലിൽവീണ നമസ്കരിക്കുന്ന പെൺകുട്ടികളെ 'അരുത്' എന്ന ഉച്ചരിച്ചുയർത്തുമ്പോൾ തോളിലോ കക്ഷത്തോ അരക്കെട്ടിലോ ആകസ്മികമായി തൊട്ടുതൊട്ടില്ല എന്ന് വരാം, എന്നതിൽ കവിഞ്ഞ കെട്ടനോട്ടം എനിക്കില്ലെന്നതാണ് സത്യം. അതിനെ ആ കുഞ്ഞുങ്ങൾ 'അസ്വാഭാവികസ്പർശം' എന്നടയാളപ്പെടുത്തുകയാണോ വേണ്ടത്?, അതോ, ആരുടെ മുമ്പിലും നമസ്കരിക്കരുത എന്നാണോ പുതുതലമുറ കാണേണ്ടത്?"

"കടിയേറ്റക്കാരായി ഖാണ്ഡവ പ്രസ്ഥത്തിൽ ചെന്ന നിങ്ങൾ, "കാട്ട് മൊത്തം വളഞ്ഞു നമുക്ക് എത്രയുംവേഗം തീയിടാം" എന്ന കടിയേറ്റ പദ്ധതി തയ്യാറാക്കുമ്പോൾ, യമുനാതീര ആവാസവ്യവസ്ഥ, ശത്രുസമ്മർദ്ദമറിഞ്ഞു നിലവിളിച്ചിരുന്ന എന്ന്, പാണ്ഡവരിൽ 'അമാനുഷ' കഴിവുള്ള, സഹദേവൻ വെളിപ്പെടുത്തി. സാധാരണ മനുഷ്യരുടെ ശ്രാവ്യപരിധിയിൽ വരാത്ത വിലാപം സവിശേഷസിദ്ധിയാൽ കേൾക്കാനായത്, മറ്റു പാണ്ഡവരുമായി പാരിസ്ഥിതിപ്രശ്നമായി പങ്കിട്ടപ്പോൾ, പൊട്ടിച്ചിരിയോടെ ആ 'കപട' കണ്ടെത്തൽ തള്ളി എന്നു സഹദേവൻ വേദനയോടെ ഓർക്കുന്നു. വാസ്തവത്തിൽ എന്തായിരുന്ന വിശ്വപ്രകൃതിയുടെ വിലാപഗീതം?", കൊട്ടാരം ലേഖിക ചോദിച്ചു.

"ഭാവി പ്രവചിക്കുന്നവൻ സഹദേവൻ എന്ന് നകുലൻ, ഇരട്ടസഹോദരനെ തരംകിട്ടുമ്പോൾ പരിഹസിക്കുന്നത് കേൾക്കാറുണ്ട്. സഹദേവനോട് പ്രവചന സ്രോതസ്സു ചോദിച്ചാൽ, "എനിക്ക് വിക്കുണ്ട് ഉള്ളിൽ വിലക്കുണ്ട് രാവിലെമുതൽ നാവനങ്ങുന്നില്ല" എന്നൊക്കെ ഇരയുടെ ദൈന്യമുഖഭാവങ്ങളോടെ മിണ്ടാതെ പിന്മാറും. "ആദ്യമൊക്കെ നീ, വേട്ടഇറച്ചി എനിക്ക് വേണ്ട, ഇര മൃഗങ്ങളുടെ നിലവിളി അത്ര ഞാൻ കേട്ടു എന്നാണല്ലോ പറഞ്ഞിരുന്നത്. സസ്യജാലത്തിന്റെ 'കരച്ചി'ലും കേൾക്കാൻ തുടങ്ങിയോ?", എന്ന് ഞങ്ങൾ മുനവച്ചുചോദിച്ചു. നായാട്ടിനിടക്കൊക്കെ അർജ്ജുനൻ അമ്പു കുലക്കുന്നതു കാണുന്ന മാനും മുയലും ഓടി മാറും മുമ്പ് നിലവിളിക്കാറുണ്ടല്ലോ, അതൊക്കെ കേട്ട് മൃഗസ്നേഹത്തിൽ മനമുരുകി കൂരമ്പു ആവനാഴിയിൽ നിക്ഷേപിക്കുമോ, ഉന്നം നോക്കി അമ്പെയ്ത ഇറച്ചിയാക്കുമോ? തിരിച്ചുകടിക്കാത്ത എന്തും ഇഷ്ടഭക്ഷണമായിരിക്കട്ടെ എന്നല്ലേ വനദേവത കാരുണ്യപൂർവ്വം അഴിച്ചുവിട്ടത്. ഇതൊന്നും ശരിയായി മനസ്സിലാക്കാതെ, തെറ്റായ പ്രവചനം വഴി കടിയേറ്റക്കാരെ കുറ്റബോധത്തിൽ വീഴ്ത്തുവാൻ ശ്രമിച്ച സഹദേവനെ, മാതൃകാപരമായ ശിക്ഷ എന്ന നിലയിൽ, "സമ്മതം ചോദിക്കാതെ നിന്നെ ശിക്ഷിക്കാൻ ഭീമനു ഉപാധിയില്ലാത്ത" അനുമതി കൊടുത്തു, അതോടെ നിലച്ച കടിയേറ്റക്കാരന്റെ മുമ്പിൽ സസ്യലോകത്തിന്റെ വിലാപം. വനം വളഞ്ഞു തീയിട്ടു. മരങ്ങളും മൃഗങ്ങളും വെന്തുവെണ്ണീറായി ഖാണ്ഡവ വനം നിന്നയിടത്തൊരു മോഹനനഗരം നിർമ്മിക്കാൻ പാതാളഗൃഹത്തിലെ അസുരശില്പി മയനുമൊത്തു ഉന്മാദചർച്ചയിലായിരുന്ന യുധിഷ്ഠിര നേതൃത്വത്തിൽ മറ്റു പാണ്ഡവർ. ഭീമന്റെ ശ്രമത്തിൽ ഇരയാക്കപ്പെടുന്ന സഹദേവന്റെ വിലാപം ഉയർന്നപ്പോൾ കൊട്ടാരം ലേഖിക മുഖം തിരിച്ചു. പാഞ്ചാലി മാറിനിന്ന പാണ്ഡവരെ നിസ്സംഗതയോടെ നോക്കി."

◇ 2025/04/05 ◇

“നിങ്ങൾക്കർഹതപ്പെട്ടതല്ലേ സതി? മാദ്രിക്ക് നിങ്ങൾ ആ പെരുമ കൊടുക്കാൻ പിന്നെ പ്രേരണ എന്തായിരുന്നു?”, കൊട്ടാരം ലേഖികയോട്ട് ചോദിച്ചു. ജീവിത സായാഹ്നം.

“ധർമ്മപുത്രർ സ്ഥാനമേൽക്കുക ഒരു തർക്കവിഷയം എന്നിരിക്കെ, പകരക്കാരനെ തേടുമ്പോൾ, നകുലൻ സ്ഥാനാർത്ഥിയാകാൻ മാദ്രി ഇടപെടും എന്നെനിക്കു കാലനിൽ നിന്നും വെളിപാട് ഉണ്ടായി. യുധിഷ്ഠിരന്റെ ജൈവിക പിതാവിനെ വിവിധ കാരണങ്ങളാൽ മാനിക്കണമല്ലോ. തക്കം നോക്കി ഞാനും ഭീമനും മാദ്രിയെ പാണ്ഡുചിതയിൽ തള്ളി കൈകൾ കഴുകി ഞാനും അഞ്ചു കുട്ടികളും അഭയം തേടി ഹസ്തിനപുരിയിൽ എത്തി. അല്ല, ബദൽആഖ്യാനം പോരെ? സത്യം തുറന്നു പറഞ്ഞാൽ പലരും പ്രലോഭിതർ ആവില്ലേ?”

“വനവാസത്തിന് പോവും മുമ്പ് നിങ്ങൾ ഒരു കാര്യവുമില്ലാതെ പിതാമഹനെ കടന്നാക്രമിച്ചു എന്നാണല്ലോ കൗരവ പ്രചരണം. പാണ്ഡവർക്ക് കാലാകാലമായി ധാർമികപിന്തുണ നൽകുന്ന പിതാമഹനെ പ്രതിക്കൂട്ടിൽ നിർത്താൻ മാത്രം ചൂതാട്ടസഭയിൽ അരുതാത്ത എന്തു സംഭവിച്ചു?”, കൊട്ടാരം ലേഖിക ചോദിച്ചു. വനവാസക്കാലം.

“ഉരുതരമായി ഞാൻ കൗരവലൈംഗികാക്രമണത്തിന് ഇരയായപ്പോൾ, പിതാമഹൻ പറയുന്നത് കേട്ടു, അഴയിലിട്ട തുണി വീണ ലാഘവത്തോടെ ആയിരുന്ന വിശിഷ്ട വ്യക്തികൾ അവരവരുടെ ഇരിപ്പിടങ്ങളിൽ ചെന്നു തുടർ സംഭവങ്ങൾ ശ്രദ്ധിച്ചത്. അതോടെ ഹസ്തിനപുരി മാത്രമല്ല ഭീഷ്മ മാതാവായ ഗംഗയോടു പോലും എനിക്ക് അനിഷ്ടം ആയി.”

◇ 2025/04/06 ◇

“പാണ്ഡവർ ജാതീയമായി അവഹേളിച്ച കർണ്ണനെ ദുര്യോധനൻ, അംഗരാജ്യ രാജാവായി വാഴിച്ചതോടെ, അടിയാളബോധത്തിൽനിന്ന് പോരാളിയെ രക്ഷിച്ചു എന്നാണ ഐതിഹ്യം. ദുര്യോധനനും കർണ്ണനും ബലിദാനികളായ സ്ഥിതിക്ക്, വസ്തുത ഇനിയെങ്കിലും വെളിപ്പെടുത്തിക്കൂടേ വരും തലമുറക്കായി?” കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു. വടക്കൻമലകളിലേക്കു വലിഞ്ഞു നടക്കുന്ന ആറംഗ പാണ്ഡവസംഘം ഉച്ചവിശ്രമത്തിനു വഴിയോരമരത്തണലിൽ എത്തിയ നേരം.

“ഹസ്തിനപുരിയിൽ ഞങ്ങൾ വിദ്യാർത്ഥികളായിരുന്ന കാലത്തുതന്നെ നകുലൻ അരമനരഹസ്യങ്ങൾ ചോർത്തുന്നതിൽ കഴിവ് തെളിയിച്ചിരുന്നു. ഞങ്ങൾക്കതുകൊണ്ടു അംഗരാജ്യയാഥാർഥ്യം അന്നേബോധ്യമായി. കണ്ണുകെട്ടി കാഴ്ചനിഷേധിക്കുകയല്ല, കാഴ്ച നിലനിർത്തി, കുന്തിയുടെയും കൗന്തേയരുടെയും സ്വാർത്ഥത കണ്ടില്ലെന്നു നടിക്കുന്ന ഗാന്ധാരിയുടെ കാഴ്ച നശിപ്പിക്കുകയാണ് വേണ്ടതെന്നു ദുര്യോധനൻ മറ്റു വിശ്വസ്ത കൗരവരുമൊത്തു ശ്രദ്ധാലോചന നെയ്യുമ്പോൾ, കർണ്ണൻ, ജാലകത്തിനപ്പുറത്തു ഒളിഞ്ഞുനിന്നെങ്കിലും, സംഭവത്തിന് സത്യസാക്ഷിയായി. കർണ്ണൻ വാതുറന്നാലുള്ള ഭാവിഭീഷണി തിരിച്ചറിഞ്ഞ ദുര്യോധനൻ, ഒത്തുതീർപ്പിനു മുതിർന്നു. സൂതന്റെ മകനെന്ന പരാമർശവുമായി പാണ്ഡവർ അപമാനിക്കാൻ ശ്രമിക്കുമ്പോൾ, സൂര്യപുത്രനാണ് ഈ സൂതപുത്രൻ നീ എന്ന് പ്രഖ്യാപനത്തിലൂടെ നിങ്ങളെന്നെ തുണക്കുമെങ്കിൽ, ഇന്ന് കണ്ട കാഴ്ച എന്നോടൊപ്പം ആരുമറിയാതെ നശിക്കും എന്നവർക്കു കർണ്ണൻ വാക്കുകൊടുത്തു. ഏതോ ഒരു അംഗരാജ്യത്തിലെ വ്യാജകിരീടം ധരിപ്പിച്ച അരങ്ങേറ്റഭൂമിയിൽ ദുര്യോധനൻ കാണികളെ കളിപ്പിച്ച എന്നതിൽ കവിഞ്ഞു വ്യാസൻ അതിനെ ഞങ്ങളുടെ ജീവചരിത്രത്തിൽ അംഗീകരിക്കുകയാണെങ്കിൽ, എന്റെ ഈ അവസാന അഭിമുഖം നിങ്ങൾക്കൊരു ചരിത്രരേഖയാക്കാം.”

◇ 2025/04/07 ◇

“പാഞ്ചാലിയെ ഭാര്യയാക്കുംമുമ്പ് യുധിഷ്ഠിരൻ എന്തു പെരുമാറ്റമര്യാദ കാണിച്ചില്ല എന്നാണ് പരാതി?”, കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു. ഊഞ്ഞാലാടി രസിക്കുകയായിരുന്ന നവ വധു.

“പരിഷ്കൃത സമൂഹമായ പാഞ്ചാലയിൽ കാണുന്ന പതിവു നോക്കിയാൽ, “എനിക്ക് താങ്കളെ വധുവാക്കിയാൽ കൊള്ളാം എന്നുണ്ട്, അവധാനതയോടെ എന്റെ യോഗ്യത പരിശോധിച്ച് തള്ളുകയോ കൊള്ളുകയോ ചെയ്യുക” അത്തരം അംഗീകൃതമാതൃക പിന്തുടർന്നില്ല. യുധിഷ്ഠിരന്റെ കായികമായ സ്വാധീനക്കുറവൊന്നും ഒറ്റനോട്ടത്തിൽ കണ്ണിൽ പെട്ടിട്ടില്ല”, പാഞ്ചാലിയുടെ വക്താവായി പദവിയേറ്റ നകുലൻ പറഞ്ഞു.

“അല്ല! നിങ്ങളും സൂക്ഷിക്കുന്നുണ്ടോ, ഒരു തലച്ചുമടു വ്യാസമഹാഭാരതം?”, കൊട്ടാരം ലേഖിക ചോദിച്ചു. സൈന്ധവ ദേശത്തിൽ, ജയദ്രഥമരണത്തിനു ശേഷം, അർജ്ജുനന്റെ സൗജന്യത്തിൽ, നാമമാത്ര രാജമാതാപദവി വഹിക്കുകയായിരുന്ന, ഒരിക്കൽ അസാധാരണ രാഷ്ട്രീയ സ്വാധീനമുണ്ടായിരുന്ന ഈ ഗാന്ധാരിപുത്രി.

“എഴുത്തുകാരൻ എങ്ങനെ ആവിഷ്കാരത്തിനായി വസ്തുതകളെ വളച്ചൊടിച്ചു എന്ന് വരുംതലമുറയെ അറിയിക്കാൻ, ഈ പനയോലക്കെട്ട് തൊട്ടടുത്തുതന്നെ വേണമെന്നതോന്നി. അജ്ഞത കൊണ്ടോ, മനോഭാവത്തിൽ അന്ധകാരം കൊണ്ടോ, കൗരവരെ കറുത്തചായം മുക്കി വികൃതമായി വ്യാസൻ വരച്ചുവച്ചു. ഭാവിയിൽ, പരേത കൗരവരുടെ പിന്തുടർച്ചക്കാർ, വായിച്ചും കേട്ടറിഞ്ഞും സ്വയം തീരുമാനിക്കട്ടെ, വ്യാസസ്പർശ മേൽക്കാത്തൊരു കുരുവംശഗാഥക്കായി പുതുചരിത്രകാരന്മാർ ഇറങ്ങിത്തിരിക്കുമോ?”

◇ 2025/04/08 ◇

“ഈ കാണുന്ന അഞ്ച് കുട്ടികളുടെ ജൈവികപിതൃത്വം നിങ്ങളുടെ തന്നെ, സംശയം ഇല്ലല്ലോ?”, വെറും നിലത്ത് കീറപ്പായിൽ കിടന്ന രോഗിയോട് കൊട്ടാരം ലേഖിക ഒരു നിഷേധ പ്രതികരണം പ്രതീക്ഷിച്ചു ചോദിച്ചു. പാണ്ഡുവിന്റെ വനവാസം.

“കുന്തിയുടെയും മാദ്രിയുടെയും പാതിവൃത്യത്തിലും ദാമ്പത്യ വിശ്വസ്തതയിലും വിശ്വാസം ഉള്ളതുകൊണ്ട്, അങ്ങനെ വേണമല്ലോ ഞാനും കരുതാൻ. അവരെ പാണ്ഡവർ എന്ന വംശീയമായി ഞാൻ അടയാളപ്പെടുത്തുന്നത് ഹസ്തിനപുരി പത്രിക മുഖ്യവാർത്ത ആക്കണം. മുൻരാജാവാണ് ഞാൻ എന്ന കാര്യം ഒരു നിമിഷം പോലും നിങ്ങൾ വിസ്മരിക്കരുത്.”

“കൗരവരാജവധുക്കൾ, പ്രത്യേകിച്ചും പുരോഗമനനാട്യങ്ങളുള്ള ദുര്യോധനവധു, സുവ്യക്തതക്കായി വീണ്ടും വീണ്ടും ചോദിച്ച കാര്യമുണ്ട് കപ്രസിദ്ധമായ സ്ഥലജലഭ്രമത്തിൽ ഒരു കൗരവ ‘വിശിഷ്ടാതിഥി’ വഴുക്കി വീണപ്പോൾ, നിങ്ങൾ പൊട്ടിച്ചിരിച്ചില്ല എന്നതാണോ വസ്തുത?, അതോ, സ്വയംഅറിയാതെ, ചിരിച്ചുപോയി എന്നോ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“വിശിഷ്ടാതിഥി സഭാതലത്തിൽ നടക്കുമ്പോൾ വഴുക്കി വീണാൽ, ആതിഥേയയുടെ ജോലി ആർത്തു ചിരിക്കലാണോ? കൃത്യമായും അതൊരു ദുഷ്ടചരണമായിരുന്നില്ലേ! ഞാൻ ചിരിച്ചുഎന്ന് ഭീമനിൽ നിന്നും കേട്ടറിഞ്ഞ ദുര്യോധനൻ, പിണങ്ങിയാണ് ഹസ്തിനപുരിയിലേക്കു മടങ്ങിയതെന്ന് ചാരവകുപ്പ മേധാവി നകുലൻ പറഞ്ഞറിഞ്ഞപ്പോൾ, ഒരു കൊട്ട് ഞാൻ ഭീമനും തിരിച്ചുകൊടുത്തു. പിന്നെ അവനെ കിടപ്പറയിൽ ഒരു കൊല്ലത്തോളം അനുവദിച്ചില്ല. കല്യാണ സൗഗന്ധികം സമ്മാനിച്ച എന്നതിന്റെ പേരിൽ, കൊള്ളരുതാത്തവനെ എത്രനാൾ ചുമന്നു ഞാൻ കിടക്കണം!” ഉണക്കപ്പൂക്കൾ പ്രതീകാൽമകമായി ചുരുട്ടിക്കൂട്ടി മാലിന്യപ്പെട്ടിയിലേക്കെറിഞ്ഞു പാഞ്ചാലി കൈഴകമ്പോൾ ആയിരുന്നു, ഇരു കൈ നിറയെ പുതു സൗഗന്ധിക പൂക്കളുമായി ആ നിത്യകാമുകൻ അവളുടെ ‘നിശാനികുഞ്ജ’ത്തിലേക്കു പ്രവേശിച്ചത്!

“ആശ്രമം പരിപാലിക്കാൻ അത്രയൊക്കെ ചെലവു വരുമോ?”, കൊട്ടാരം ലേഖിക ദുര്യോധനവധുവിനോട് വിസ്മയിച്ചു. അരമന സമുച്ചയത്തിൽ നിന്നും പിതാമഹൻ കൊട്ടാരത്തിനു പിന്നിലെ സംരക്ഷിത വനത്തിലേക്കു പൊറുതി മാറ്റിയ ദിനങ്ങൾ.

“ലാളിത്യത്തിന്റെ പര്യായമെന്നു തോന്നാവുന്ന കടിൽ, വാസ്തുവത്തിൽ ആഡംബരത്തിന്റെ ഒളിത്താവളവുമാകുന്നു. ഉറക്കമുണർന്നാലുടൻ ഗംഗാതീരത്തേക്കു പ്രഭാതസവാരിക്കു ഇരുകൈകളും തോളിൽ വക്കാൻ ഭീഷ്മർക്ക് കൗരവകുമാരികൾ കൂട്ടു വേണം. ‘ഊന്നുവടി തരട്ടെ?’ എന്നു നിങ്ങൾ ചോദിച്ചാൽ, തർക്കഭാവത്തിലൊരു തറച്ചനോട്ടമുണ്ട്. മാപ്രകൾ ചൂളിപ്പോവും. നൂറോളം കൗരവരുടെ പെണ്മക്കളെ ആജീവനാന്തബ്രഹ്മചാരിയുടെ ‘അടിമപ്പണി’ക്ക് വിട്ടു തരാനാവില്ലെന്നു മുഷിഞ്ഞു പറയാൻ ഒരു കൗരവരാജവധു മുന്നോട്ടുവന്നു. ദുര്യോധനൻ ആ ‘ധിക്കാരി’യെ മാതൃകാപരമായി ശിക്ഷിച്ചു. ആസന്നമായ പാണ്ഡവാക്രമണത്തെ കായികശക്തികൊണ്ടു നേരിടാനുറച്ച കാലത്തു, ആശ്രമജീവിതത്തിനു പൂർണ്ണസഹകരണം വേണമെന്ന ഊന്നൽ അന്തഃപുരം അംഗീകരിച്ചു. ഇപ്പോൾ പിതാമഹനൊരു കഠിനപരീക്ഷണം ചെയ്യാൻ താൽപര്യമുണ്ടെന്ന് രാജകുമാരികൾ! ബ്രഹ്മചര്യ പരിശ്രദ്ധി എരിതീയിൽ തെളിയിക്കാൻ ‘സന്നദ്ധഭര’കളെ ആവശ്യമുണ്ട്. ഇരുവശങ്ങളിലും വിവസ്ത്രരായി രതിപ്രലോഭനേ പരീക്ഷണത്തിന് രാത്രി പായക്കുട്ടു കിടക്കാൻ സന്നദ്ധസ്സുള്ള കൗരവരാജകുമാരികളുടെ പട്ടിക തയ്യാറാക്കുകയാണ് ഞങ്ങൾ. നിർദിഷ്ട നിശാപരീക്ഷണത്തിന് ശേഷം, ‘പീഡകനും പീഡിതകളും’ രാവിലെ എഴുന്നേൽക്കുമ്പോൾ, ലൈംഗികാനുഭവത്തിനു, താനും ‘രതിയാക്രമണ’ത്തിനു പെൺകുട്ടികളും, ഇരയായിട്ടില്ലെന്നു പരിശോധിക്കാൻ ആരോഗ്യസേവനദാതാക്കളും സംഘവും ആശ്രമമുറ്റത്തു സാന്നിധ്യമറപ്പിക്കണം. ‘തകർക്കാനാവില്ല ആജീവനാന്തബ്രഹ്മചര്യം, പ്രലോഭിപ്പിച്ചാലുമെത്രയും നിങ്ങൾ’ എന്നാണ പിതാമഹന്റെ വെല്ലുവിളി. ആയുധനിർമ്മിതിക്കായി ഗ്രാമഗ്രാമാന്തരങ്ങളിലെ ആലകൾ സന്ദർശിക്കുന്ന ദുര്യോധനൻ ഈ സൂക്ഷ്മചുമതല ഏൽപ്പിച്ചതോടെ എന്റെ നിശീഥിനികളും നിദ്രാവിഹീനങ്ങളായി!”

◇ 2025/04/09 ◇

“ഹസ്തിനപുരിയിൽ അധികാരം പിടിച്ചെടുത്ത യുധിഷ്ഠിരൻ മുപ്പത്തിയാറുവർഷം ‘സൽഭരണം’ ചെയ്ത എന്ന് പറയുന്നതിൽ അത്ര കാര്യമുണ്ടോ?”, കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു. വെറുമൊരു ഓലപ്പാമ്പിനെ കാട്ടി യുധിഷ്ഠിരനെ ഭയപ്പെടുത്തിയാണ് അഭിമന്യു പുത്രൻ പരീക്ഷിത്ത് രാജപദവി നേടിയതെന്ന പ്രചാരണം ശക്തമായ ദിനങ്ങൾ.

“പരീക്ഷിത്തും പാമ്പും വരുന്നത് പിന്നീടാണ്. ആദ്യദശകങ്ങളിൽ യുധിഷ്ഠിരനെതിരെ വിഘടനവാദം മുഴക്കിയത് ഭീമൻ ആയിരുന്നു അവർതമ്മിൽ പ്രായവ്യത്യാസം നിസ്സാരമായിരുന്നതു കൊണ്ട് ചെങ്കോലിനായി അനന്തമായ കാത്തിരിപ്പു അസാധ്യമെന്ന തിരിച്ചറിവിൽ ജ്യേഷ്ഠനെ സിംഹാസനത്തിൽ നിന്നും ബലം പ്രയോഗിച്ചു നീക്കാൻ ഒന്നിലധികം പ്രാവശ്യം എന്റെ ഇടപെടൽ തേടി. ഉള്ളിൽ ഉള്ളതൊക്കെ അറിയാതെ വെളിപ്പെടുത്തുന്ന ഭീമൻ രാജാവായാൽ, ശല്യം മാദ്രിപുത്രന്മാർക്കു ആയിരിക്കുമെന്ന് സഹദേവൻ താക്കീതുനൽകി. പാണ്ഡുചിതയിൽ കുന്തിക്കുവേണ്ടി മാദ്രിയെ സതി ചെയ്യാൻ നിർബന്ധിച്ചത് ഭീമൻ ആയിരുന്നു എന്ന സംശയം ഇപ്പോഴും കരളിൽ കനൽ ആയി നീറുന്ന ഞങ്ങൾ, ഭീമനെ കൈവിട്ടു. യുധിഷ്ഠിരന് പിന്നെ വെല്ലുവിളി അർജ്ജുനനിൽ നിന്നായി. അഭിമന്യുവിനെ രാജാവാക്കാൻ യുദ്ധത്തിനു മുന്പ് തന്നെ ദ്വാരക‘മേലാളന്മാർ’ക്കു ത്വര ഉണ്ടായിരുന്നു. അഭിമന്യുമരണത്തിനു ഉത്തരവാദി യുധിഷ്ഠിരൻ എന്നവർ ന്യായമായും സംശയിച്ചു. എന്നിട്ടും ആ കാരണത്തിൽ യുധിഷ്ഠിരനെ ‘വലിച്ചെറിയാൻ’ തനിക്കാവില്ലെന്നു പാഞ്ചാലി ശഠിച്ചു, അങ്ങനെ ബലാബലങ്ങൾ നീങ്ങിയ നേരങ്ങളിൽ യുധിഷ്ഠിരന് മേൽക്കൈ നേടാൻ കഴിഞ്ഞു. ഇതിനിടയിൽ പരീക്ഷിത്ത് പാഞ്ചാലിയുമായി കൂട്ടുകൂടി ‘കുറുമ്പന്നി’ക്കും ശ്രമിച്ചു പാഞ്ചാലി രാജമാതാവും മഹാറാണിയുമാവും, പരീക്ഷിത്തിന്റെ ഭാര്യ ഇളമുറ റാണിയാവും എന്നൊക്ക കേട്ടപ്പോൾ അഞ്ചു പാണ്ഡവരും ഒറ്റക്കെട്ടായി—കൊച്ചുമകന്റെ സ്ഥാനമുള്ള പരീക്ഷിത്തിന്റെ മഹാറാണിപദവി നാമമാത്രമായെങ്കിലും, സ്വീകരിക്കാനുള്ള നിർദേശം കേട്ടാൽ ഒറ്റക്കെട്ടാവില്ലേ പഞ്ചപാണ്ഡവർ!

“സ്ത്രീയെ നീ എത്ര വഞ്ചകി!” എന്ന ശാപത്തോടെ അവളെ ഞങ്ങൾ മഹാപ്രസ്ഥാനത്തിലെ ‘ആറാംതമ്പുരാട്ടി’യാക്കി. നോക്കാം ആരാണ് വഴിയിൽ ആദ്യം മോഹാലസ്യപ്പെട്ടു കാലം ചെയ്യുക” പാണ്ഡവരുടെ ചാരവകുപ്പ മേധാവിയും പാഞ്ചാലിയുടെ മനഃസാക്ഷിസൂക്ഷിപ്പുകാരനും ആയ നകുലൻ പാഞ്ചാലിയുടെ ശിരസ്സ് മുണ്ഡനം ചെയ്യാനായി ക്ഷുരകനെ കണ്ടെത്തുന്ന തിരക്കിലായിരുന്നു.

“പല തവണ നിങ്ങളെ അന്തഃപുരത്തിൽ അഭിമുഖം ചെയ്തെങ്കിലും, പെറ്റ കുഞ്ഞുങ്ങൾ അഞ്ചെണ്ണമുള്ളതിൽ ഒന്നിനെപോലും നിങ്ങൾ മുലയൂട്ടുന്ന രംഗം ഓർമയില്ല”, കൊട്ടാരം ലേഖിക പാഞ്ചാലിയെ കരുതലോടെ സമീപിച്ചു. ഇന്ദ്രപ്രസ്ഥം.

“പാണ്ഡവർ എന്നെ മാറി മാറി പരസ്പരം കാഴ്ച വച്ച് പീഡിപ്പിച്ചതിൽ പിറന്ന ആ പാപസന്തതികളെ പരസ്യമായി മുലപ്പാൽ കൊടുത്തു താലോലിക്കുന്നത് പാപിപീഡകരെ മഹത്വപ്പെടുത്തുന്നതിനു തുല്യമല്ലേ.”

“ഏക കിരീടാവകാശിയും അഭിമന്യു പുത്രനുമായ പരീക്ഷിത്തിനു കുരുവംശ ചെങ്കോൽ കൈമാറാതെ, കളിപ്പിച്ചുവോ മുപ്പത്തിയാറു കൊല്ലം, നിങ്ങളഞ്ചു വൃദ്ധപാണ്ഡവർ?” കൊട്ടാരം ലേഖിക ചോദിച്ചു. മഹാപ്രസ്ഥാനം.

“കുരുക്ഷേത്രപോരാട്ടത്തിൽ ബലിദാനിയായ പതിനാറുകാരൻ പോരാളിഅഭിമന്യു എവിടെ, മുപ്പത്തിയാറ് വർഷം അരമനസൗഭാഗ്യങ്ങൾ ആസ്വദിച്ചു അവസാനം പാഞ്ചാലിയുടെ പാവാടയിൽതൂങ്ങി ഞങ്ങൾക്കെതിരെ കലാപക്കൊടി ഉയർത്തിയ ബാല പരീക്ഷിത്ത് എവിടെ!” നകുലൻ ക്രോധം മറച്ചുവക്കാതെ പറഞ്ഞു. മഹാപ്രസ്ഥാനം.

◇ 2025/04/10 ◇

“പരേതപോരാളി ദുര്യോധനന്റെ വ്യക്തിത്വത്തെ പുതിയ മഹാരാജാവ് യുധിഷ്ഠിരൻ എങ്ങനെ അടയാളപ്പെടുത്തി?”, യുദ്ധാനന്തര ഭരണനിർവ്വഹണം പാണ്ഡവർ ഏറ്റെടുത്ത ദിനം.

“ഹസ്തിനപുരി രാഷ്ട്രീയത്തിലെ അതികായനെന്നർത്ഥശങ്കയില്ലാത്തവിധം ആംഗ്യചലനത്തോടെ ദുര്യോധനനെ വിശേഷിപ്പിച്ചു. പ്രിയ അർധസഹോദരന്റെ വേർപാടിൽ വ്യക്തിപരമായ വേദനയുണ്ടെന്നു ഇടനെഞ്ചിൽ വലതു കൈപ്പത്തി വച്ചു ഏറ്റു പറഞ്ഞു. കുടുംബാംഗങ്ങളെയും അനുയായികളെയും കൂപ്പിയ കൈകളോടെ അനുശോചനം അറിയിച്ചു. പിന്നെ വാക്കു കിട്ടാതെ, പതുങ്ങലോടെ, ‘അതികായ’ പരാമർശം ആവർത്തിച്ചപ്പോൾ, സദസ്സ് ഒന്നിളകി. കുരുവംശത്തിനൊരു ‘പുത്തൻ പാത’ വെട്ടിത്തുറന്ന കാര്യം, രഹസ്യം വെളിപ്പെടുത്തുന്ന പോലെ യുധിഷ്ഠിരൻ പറഞ്ഞപ്പോൾ, സദസ്സ് എഴുന്നേറ്റ നിന്നു, ‘ഹർഷാരവം’ മുഴക്കി. ചാരിതാർഥ്യത്തോടെ യുധിഷ്ഠിരൻ തേരിൽ കയറാൻ ഒരുങ്ങുമ്പോഴേക്കും, അതുവരെ വേദിയിൽ തലതാഴ്ത്തിയിരുന്ന പാഞ്ചാലി സ്വയം തേരാളിയായി രഥം മുന്നോട്ടു നീങ്ങി.”

“നിങ്ങൾ അഞ്ചുപേർക്ക് അന്തിക്കുര പണിയാൻ മാത്രം ആയിരുന്നോ, ഇത്രയധികം സൈനികരെ കുരുക്ഷേത്രയിൽ നിങ്ങൾ ബലികൊടുത്തു, അവരുടെ കുടുംബങ്ങളെ വഴിയാധാരമാക്കിയതു?” കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു.

“യുദ്ധം ജയിച്ചവരോട് സന്മനസ്സോടെ ചോദിക്കേണ്ട ചോദ്യം ആണോ ഇതു? കഷ്ടമുണ്ട് പറയാൻ! ശക്തിപ്രകടനം വേണ്ടിവന്നപ്പോൾ സൈനികരെ ഞങ്ങൾ കൂടെക്കൂട്ടി, കൗരവരുമായി പതിനെട്ടുനാൾ പോരാട്ടത്തിൽ പലരും മരിച്ചു, പിന്നെ മരിക്കില്ലേ ആയുധധാരികൾ പോരടിച്ചാൽ? പാണ്ഡവർ എന്നും നന്മയുടെ ഭാഗത്തായിരുന്നു. അതു നിങ്ങൾ എന്തു ജനകീയ സമ്മർദ്ദത്തിലും തുറന്നു സമ്മതിക്കണം. കാരണം തിന്മയുടെ ഭാഗത്തു നാം കൗരവരെ നേരത്തെ പ്രതിഷ്ഠിച്ചു കഴിഞ്ഞു. തിരക്കുണ്ട്, ഞങ്ങൾക്ക് താമസിക്കാൻ വസതികൾ വേണം, അതിനു കൗരവ വസതികൾ കൂടി ഒഴിപ്പിക്കണം. വാർത്ത നിങ്ങൾ വിവാദരഹിതമായി വേണം ചുവരെഴുത്തിൽ പ്രസിദ്ധീകരിക്കാൻ. അടിയന്തരാവസ്ഥ നിലവിൽ ഉണ്ട്, ഉച്ചരിക്കുന്ന വാക്കിലും വേണം പാണ്ഡവരോട് വിശ്വസ്തത.”

◇ 2025/04/11 ◇

“ഭീമൻ നേരിട്ട് കാളവണ്ടിയിൽ എത്തിക്കുന്നല്ലോ ഭക്ഷണപ്പൊതി കൗരവരാജവിധവകളുടെ പുനരധിവാസകേന്ദ്രത്തിൽ!” കൊട്ടാരം ലേഖിക തെരുവുകാഴ്ച കണ്ട് ഞെട്ടലോടെ ചോദിച്ചു.

“അന്നം കിട്ടാതെ കുട്ടികൾ കഷ്ടപ്പെടുന്ന എന്ന് കുരുക്ഷേത്രവിധവകൾ കോട്ടവാതിലിൽ വിലപിച്ചപ്പോൾ കരളലിഞ്ഞ ഭീമൻ, ഊട്ടുപുരയിൽ കണ്ടതെല്ലാം പൊതിഞ്ഞു കൊണ്ടുപോവുകയാണ്, അങ്ങനെ നോക്കിയാൽ ഇതൊരു തട്ടിക്കൂട്ട് ഭക്ഷണപ്പൊതിയൊന്നും അല്ല, അർദ്ധസഹോദരരുടെ സ്നേഹസമർപ്പണം തന്നെയല്ലേ? അന്തഃപുരത്തിൽ മഹാറാണി പാഞ്ചാലിയുടെ തോഴികളായി പണിയെടുക്കാൻ കൗരവയുവതികളെ കണ്ടെത്താനും വഴിയൊരുങ്ങും. യുദ്ധക്കെടുതിയിൽ നിന്നവരെ തൊഴിലുറപ്പ് വഴി പട്ടിണിയിൽ നിന്നും മോചിപ്പിക്കുകയാണ് ലക്ഷ്യം എന്ന സദ്‌വാർത്തക്ക് ദുരർത്ഥം കൊടുത്തു പാണ്ഡവകുരുണയെ കരിവാരി തേച്ച മലീമസപ്പെടുത്തരുതെ.”

“പാഞ്ചാലറാണി, ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിപദവി വഹിക്കുന്ന മകളെ കാണാൻ, ഇവിടെ വന്ന അനുഭവം പങ്കിടാമോ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“എന്റെ ആദ്യഗർഭകാലത്ത് വന്ന, ഗർഭത്തിന്റെ ഉത്തരവാദി പാണ്ഡവരിൽ ആരെന്നറിയാതെ അവരോട് ഓരോരോ അബദ്ധങ്ങൾ എഴുന്നള്ളിച്ചു. പിന്നെ എന്നോടായി പരിഭവം. പാണ്ഡവരിൽ ആർ ആരാണ് എന്ന തിരിച്ചറിയാൻ ഞാൻ കുറുക്കു വഴി പറഞ്ഞു കൊടുക്കാതെ അവളെ കഷ്ടപ്പെടുത്തി എന്ന നിർമ്മിത ആഖ്യാനവുമായി തിരിച്ചുപോയി. പ്രസവത്തിന് വരുന്നോ എന്നെന്നോട് ചോദിച്ചില്ല. എന്നെ അവൾ പ്രസവിച്ചതല്ല, യാഗാഗ്നിയിൽ നിന്നുയർന്ന വന്ന ദേവസ്ത്രീ ആകുന്ന പാഞ്ചാലി എന്ന അറിവ് അവരിൽ ഏൽപ്പിച്ച ആഘാതം അത്രവലുത്!”

◇ 2025/04/12 ◇

“യുദ്ധത്തിനുമുമ്പ് ദുര്യോധനൻ രഹസ്യമായി കുന്തിയോട് ചോദിച്ചു വാങ്ങിയ ഒരു അനുഗ്രഹം ഉണ്ടല്ലോ, എന്തായിരുന്നു അത്!”, കൊട്ടാരം ലേഖിക ദുര്യോധനവധുവിനോടു ചോദിച്ചു. ‘സൽക്കർമ്മങ്ങൾ’ ചെയ്ത നേടിയ പുണ്യത്താൽ ഗാന്ധാരി, പ്രിയപുത്രന് നൽകിയ സവിശേഷ ‘അനുഗ്രഹ’ത്തിന്റെ കഥ സൂതന്മാർ പാടിനടക്കുന്ന യുദ്ധാനന്തര ഹസ്തിനപുരി.

“കൗരവർ ജയിക്കട്ടെ എന്ന അനുഗ്രഹം അഭിമാനിദുര്യോധനൻ കുന്തിയോട് ചോദിക്കുമെന്ന് നിങ്ങൾക്ക് തോന്നുണ്ടോ? എന്നാൽ ‘സുമംഗലി’ പാഞ്ചാലി പാണ്ഡവവിധവ എന്ന യുദ്ധാനന്തര ദാമ്പത്യപദവി നേടുമോ എന്ന് ദുര്യോധനൻ കുന്തിയോട് മുനവച്ചു ചോദിച്ചു. അനുഗ്രഹം തേടലായിരുന്നില്ല, പക്ഷേ, പ്രതികരിക്കുമ്പോൾ കുന്തി, വാക്കു സൂക്ഷ്മതയോടെ തിരഞ്ഞെടുത്തു “പുത്രമരണത്താൽ ഞാൻ ദുഃഖിതയാവും എന്നന്തഃരംഗം മന്ത്രിക്കുന്നു”, കുന്തി പറഞ്ഞു. മൊത്തം അഞ്ചു പാണ്ഡവരുടെ മരണം എന്നാണ് കുന്തി ഉദ്ദേശിച്ചതെന്ന ആത്മധൈര്യത്തിൽ കൂടുതൽ ചോദിക്കാതെ ദുര്യോധനൻ പ്രസന്നതയോടെ കുരുക്ഷേത്രയിലേക്കു വിശ്വസ്ത സുഹൃത്തു കർണ്ണനുമൊത്തു യാത്രയായി. പുത്രമരണം എന്നതുകൊണ്ട് എന്താണ് കുന്തി ഉദ്ദേശിച്ചത്! എല്ലാം കൂട്ടി വായിച്ചർത്ഥം അറിയാൻ കർണ്ണവധം വരെ ഞങ്ങൾ കാത്തിരിക്കേണ്ടിവന്നു!”

“പാണ്ഡവരോട് നിങ്ങൾ പക പുകയുന്ന പരുക്കൻ വാക്കുകൾ കൊണ്ടാണ് പെരുമാറുന്നത് എന്ന കാഴ്ചപ്പാടുണ്ട്. അതെന്താ, നയതന്ത്രഭാഷ വശമില്ലേ?”, കൊട്ടാരം ലേഖിക ദുര്യോധനനെ നേരിട്ടു. യുദ്ധമേഘങ്ങൾ നിറഞ്ഞ ആകാശം.

“കുരുവംശത്തിന്റെ നവോത്ഥാന മൂല്യങ്ങൾക്ക് പോറൽ ഏൽപ്പിക്കുന്ന ശ്രമമായിരുന്നില്ലേ, ആനപ്പുറത്ത് വന്ന യുധിഷ്ഠിരന്റെ ഏകപക്ഷീയ ചൂതാട്ട ഭ്രമം? ഇന്ദ്രപ്രസ്ഥം എന്ന പട്ടണത്തിൽ രാജകീയ വിനോദങ്ങൾക്ക് അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കാൻ ആയില്ലെന്ന വിശദീകരണവുമായി, രാജശ്രേണിയിൽ താണ സാമന്തരായ ഞങ്ങളെ നിർബന്ധിച്ച് നിലത്തിരുത്തി അവർ കളി കാര്യമായി എടുത്തപ്പോൾ, ഞങ്ങൾ ഓർമ്മിപ്പിച്ചു, വേണ്ട ഇത് നാശം വിതക്കും. ചക്രവർത്തി യുധിഷ്ഠിരൻ പൊട്ടിച്ചിരിച്ചു കളി മുന്നോട്ടെടുത്തു. പാണ്ഡവരുടെ തോൽവിയിൽ ഞങ്ങൾ പറഞ്ഞു, കളിനിർത്താം, അപകട മേഖലയാണ് വരുന്നത്. ആളെ പണയം വച്ചുള്ള കളി ആപത്താകുന്നു. ആരു കേൾക്കാൻ? എന്തൊക്കെ ആയി വനവാസം കഴിഞ്ഞപ്പോൾ!, ദൂതിൽ പറയുന്ന ആറു ഗ്രാമങ്ങൾ വേണം, കൊട്ടാരങ്ങൾ പണിയാൻ കൗരവർ പണംഇറക്കണം, ശല്യക്കാരി പാഞ്ചാലിയെ വിവാഹമോചനം ചെയ്ത ഹസ്തിനപുരിയിൽ ബഹുഭാര്യാത്വം പിന്തുടരാൻ സൗകര്യങ്ങൾ ചെയ്ത തരണം. ആലോചിച്ചപ്പോൾ സാംസ്കാരികഭീഷണി നേരിടുന്ന കുരുവംശത്തെ കാപ്പാത്താൻ, യുദ്ധം അനിവാര്യമായി. ഈ ആഖ്യാനത്തിന്റെ ചുവട് പിടിച്ചു വേണം ചുവരെഴുത്ത് പതിപ്പ് അതിന്റെ നിയോഗം പൂർത്തിയാക്കാൻ, മറന്നുപോവരുത്!”

“ഭീമനു വിളമ്പുന്നത് വെറും ധാന്യഭക്ഷണമാണോ? മൃഗമാംസം പൊരിച്ചതൊന്നുമില്ലേ?”, അരമനയിൽ, ഊട്ടുപുര പാചകമുഖ്യനോട് കൊട്ടാരംലേഖിക ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി.

“ഞങ്ങളുടെ ഇപ്പോഴത്തെ അന്നദാതാവായ നകുലനു വിളമ്പാൻ രണ്ടുദിവസമായി ഒരു പോത്തിൻഎല്ല് പോലും കിട്ടിയിട്ടില്ല, എന്നിട്ടാണോ സൈനികർ ആരും ഇല്ലാത്ത പ്രതിരോധ മന്ത്രാലയത്തിനു പ്രത്യേക മാംസ പരിഗണന? ഉപയോഗരഹിത ഉഴവുമൃഗം എവിടെ നിന്നെങ്കിലും ഉടമയറിയാതെ ഭീമൻ രാത്രി അഴിച്ചുകൊണ്ടുവരട്ടെ. ആരുമറിയാതെ അറക്കലും തൊലിയുരിക്കലും പൊരിച്ചു ചുട്ടുചുടായി വിളമ്പുന്നതും, ഊട്ടുപുര ഏറ്റു. വനവാസസന്യസ്തരുടെ തൊഴുത്തിൽ നഴഞ്ഞുകയറി മൃഗങ്ങളെ മറ്റു പാണ്ഡവരറിയാതെ ഭീമൻ വെട്ടിത്തിന്നതൊക്കെ ‘ഹസ്തിനപുരി പത്രിക’ അക്കാലത്തു പൊലിപ്പിച്ചെഴുതിയിരുന്നല്ലോ എവിടെപ്പോയി മോട്ടിച്ചു തിന്നാനുള്ള ഭീമന്റെ അടങ്ങാത്ത മാംസദാഹം? ഒരിക്കൽ ദുര്യോധനന്റെ പ്രിയപ്പെട്ടവനായിരുന്ന പാചകമുഖ്യൻ ഈറയോടെ തിരിഞ്ഞുനടന്നു.”

“നമ്മുടെ പഴയ അയൽപക്കത്തെ ഒരു അടിമകുടുംബം! ഓർമ്മ വരുന്നുണ്ടോ? ഒരു പെണ്ണും നാലാണും?”, ഒരു പരിത്യാഗി, പ്രായം ചെന്ന ആശ്രമ മേധാവിയോട് ചോദിച്ചു.

“ഓർക്കുന്നു. സ്വന്തം കുടിൽ മാത്രമല്ല പരിത്യാഗികളുടെ ആശ്രമങ്ങളും പരിപാലിക്കാൻ കിണഞ്ഞു ശ്രമിക്കുന്ന സ്ത്രീ? അവളുടെ നിറവും ഉയരവും ഉടലും ഒന്നും ഞാൻ ആക്ഷേപിച്ചു പറയരുതല്ലോ. സന്യസ്ഥആശ്രമങ്ങളിലെ ഏകാംഗ ഹരിതകർമ്മസേന! കൂടെ പൊറുക്കുന്ന അഞ്ചു ആണുങ്ങൾ ചെയ്യേണ്ട മാലിന്യ സംസ്കരണജോലി അവൾ തന്നെ ചെയ്യണം എന്നു നമ്മുടെ ദുര്യോധന പ്രഭു ശഠിക്കും. അല്ല, എന്തു പറ്റി അവൾക്ക്?”

“ഒന്നുമില്ല, അവൾ ഹസ്തിനപുരി രാജ്യത്തിന്റെ മഹാറാണി പദവി ഏറ്റെടുത്തു എന്നു കേട്ടു, കൂടെ പൊറുത്തവരിൽ ഒരാൾ രാജാവും. നമ്മുടെ രക്ഷകനായ ദുര്യോധനനെ അവർ വകവരുത്തി എന്നാണറിഞ്ഞത്. കരുതലോടെ വേണം നാം നീങ്ങാൻ.”

◇ 2025/04/13 ◇

“ഭീമനെ ചൂണ്ടുവിരൽ കൊണ്ടൊതുക്കുന്ന ദ്രൗപദി എങ്ങനെ കൈമാടി വിളിക്കാൻ മാത്രം നിങ്ങളോടെ ഇത്ര ഇഷ്ടം കാണിക്കുന്നു?”, കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

“ഭീമാകാരനെങ്കിലും കായികക്ഷമത കമ്മിയെന്നറിയാൻ ഉണ്ടോ അവൾക്ക് പ്രയാസം? പായക്കുട്ടിൽ ഉടൽ ഒരു അമിതഭാരമല്ലേ പ്രണയഭീമനു? എന്റെ ഉടലിൽ തൈലം പുരട്ടി തഴുകി പാഞ്ചാലി പ്രണയപൂർവ്വം ലാളിക്കും, “അശ്വിനിദേവതകൾ കനിഞ്ഞ ഉടൽ!”, എന്റെ പ്രവർത്തനസജ്ജ ശരീരത്തിന്റെ മൊത്തം ഉടമസ്ഥാവകാശം അവളെ ഉന്മത്തയാക്കും. മറ്റു നാലു പേർക്കും ഊഴം വഴിയുള്ള അംഗീകൃതപ്രവേശനം പരിമിതപ്പെടുത്തി എന്നെ വിശിഷ്ടാതിഥിയായി ചേർത്തു പിടിക്കും.”

“ദുരന്തം ദുരന്തം എന്നുപയോഗിക്കുന്ന വൈകാരിക പ്രസംഗമാണല്ലോ പട്ടാഭിഷേകത്തിനുശേഷം യുധിഷ്ഠിരനിൽ നിന്നും കേട്ടത്! എന്തുണ്ടായി മഹാരാജാവിന്റെ ‘മൃദുലവികാരം’ ദുരന്തപ്പെടാൻ? അഥവാ മുറിപ്പെടാൻ?”, കൊട്ടാരം ലേഖിക പുതു പാണ്ഡവ ഭരണകൂടത്തിന്റെ ഊർജ്ജസ്വലനായ ഔദ്യോഗിക വക്താവിനോട് ചോദിച്ചു.

“രണ്ടു നദികൾക്കിടയിൽ ആഘോഷിച്ചു കഴിയേണ്ട ഹസ്തിനപുരി ജനതയുടെ മേൽവീണ ‘ദുരന്ത’മായിരുന്നില്ലേ കുരുക്ഷേത്ര എന്നല്ലേ യുധിഷ്ഠിരൻ പറഞ്ഞുള്ളു? ശരിയല്ലേ, കഴിഞ്ഞ വെള്ളത്ത വാവിന് എന്തായിരുന്നു ഹസ്തിനപുരി തെരുവുകളിലെ ഉത്സവാന്തരീക്ഷം? ഇപ്പോഴോ! എന്തുണ്ടായി ഇത്രയധികംപേർക്ക് ജീവഹാനി സംഭവിക്കാൻമാത്രം എന്ന് യുധിഷ്ഠിരൻ ചോദിച്ചത് യുദ്ധദേവതകളോടാണ്. അച്ഛൻ യമൻ ആയതു സൗകര്യമായി— അമർത്യരാണ് ദേവതകൾ എങ്കിലും, മരണദേവതയായ യമന്റെ മുമ്പിൽ മുട്ടുകുത്തും. യുദ്ധക്കൊതിയുടെ കൈപ്പുനീർ ജനം ഏറെനാൾ കുടിക്കേണ്ടിവരുമെന്ന സാധ്യത യുധിഷ്ഠിരൻ ആ സൂചകത്തിലൂടെ ഹൃദയസ്പർശിയായി വെളിപ്പെടുത്തി എന്നേയുള്ളു.”

“ഭരണകൂടത്തിന്റെ ആദ്യനടപടി എന്തായിരിക്കും?” കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി.

“അസ്സൽ കിരീടാവകാശി പോലും അല്ലാത്ത ദുര്യോധനൻ, സ്വയം എടുത്ത തീരുമാനം ആയിരുന്ന ആറംഗ പാണ്ഡവരെ അടിമകളായി അടയാളപ്പെടുത്തുക. അവൻ ബലിദാനി ആയതോടെ, അമിതാധികാരിയുടെ കൃപ്രസിദ്ധതീരുമാനങ്ങൾ സ്വയം അസാധു ആയെങ്കിലും, മുൻകാല പ്രാബല്യത്തോടെ റദ്ദ് ചെയ്യാൻ നിയമസാഹചര്യം ഉണ്ടാക്കണം. അതിനിടയിൽ യുദ്ധക്കൊതി ഭക്ഷ്യക്ഷാമം അങ്ങനെ ചില ജനകീയ മേഖലകൾ പിന്നോട്ട് പോവും. ഭരണാധികാരം പാണ്ഡവർക്ക് കിട്ടിയാലും, നിയമക്കുരുക്കിൽ വീഴ്ത്താൻ അടിമത്തം ഞങ്ങൾ തന്നെ വലിച്ചുരുമ്പോൾ വരുന്ന ചില ക്രമക്കേടുകൾ, വീഴ്ചകൾ നിങ്ങൾ ചുവരെഴുത്തിൽ മുഖ്യവാർത്തയാക്കരുതെ. നിങ്ങൾ ജീവനോടെ ജോലിയിൽ നിന്നും വിരമിച്ചു കാണാൻ ഞാനും ആഗ്രഹിക്കുന്നു.”

◇ 2025/04/14 ◇

“ഖാണ്ഡവ വനം കത്തിക്കാൻ കാരണം, ഇഷ്ടദാനത്തിന്റെ പിന്നിലെ കൗരവ ദുരുദ്ദേശ്യം തിരിച്ചറിഞ്ഞത് കൊണ്ടായിരുന്നു എന്നാണോ നിങ്ങൾ സ്ഥാപിക്കാൻ ശ്രമിക്കുന്നത്?”, കൊട്ടാരം ലേഖിക ദ്രൗപദിയോട് ചോദിച്ചു. അന്തഃപുര പരിപാലനവുമായി സഹായികൾ തിരക്കിലായിരുന്ന പ്രഭാതം.

“സദുദ്ദേശ്യം കണ്ടെത്താനൊന്നുമല്ലല്ലൊ നിങ്ങൾ ഇപ്പൊൾ ഓടി വന്നത്. അമ്മദൈവമായി കൗരവർ ഭയഭക്തിയോടെ കാണുന്ന രാജമാതസത്യവതി തീപ്പെട്ടു എന്നറിഞ്ഞപ്പോൾ, ദുര്യോധനൻ കാശിയിൽ പോയ തക്കംനോക്കിയായിരുന്നു ധൃതരാഷ്ടർ, ഖാണ്ഡവപ്രസ്ഥം, കൂട്ടുകുടുംബസ്വത്തിൽ ഓഹരിയായി പാണ്ഡവർക്ക് സമ്മാനിച്ചതു. ധൃതരാഷ്ടരുടെ അകക്കണ്ണ് യുധിഷ്ഠരന്റെ പുറം കണ്ണിനേക്കാൾ ഉൾക്കാഴ്ചയോടെ കാര്യങ്ങൾ കാണുന്നു എന്ന സംശയമെനിക്കുമുണ്ടായി. മേലനങ്ങാതെ കൗരവരുടെ അതിഥികളായി ഗംഗാ യമുനകളിൽ കുളിച്ചുണ്ട് കഴിയുന്ന പാണ്ഡവരെ അധ്വാനശീലരാക്കാൻ ഘോരവനം തുണച്ചു. ദേവസന്തതികളെന്നു നാഴികക്ക് നാല്പതുവട്ടം മേനി പറഞ്ഞിരുന്നവർ ദേഹാധ്വാനത്തിലൂടെ ഇതുപോലെ കറുത്ത് കരുവാളിച്ചു എല്ലും തോലുമായ കാലം, വനവാസത്തിൽ പോലും കണ്ട ഓർമ്മയില്ല. വിഷജീവികളും ഹിംസമൃഗങ്ങളും മാത്രമല്ല പാണ്ഡവർക്കെതിരെ ക്രുദ്ധാലോചനയിൽ ഏർപ്പെട്ടത്, കൂട്ടിക്കാലമൊക്കെ പാണ്ഡുവുമൊത്തു കഴിഞ്ഞ കാട്ട്, ഇതു നോക്കുമ്പോൾ പറുദീസ! എന്നവർ വിഷാദത്തോടെ പറയും. ആത്മനിന്ദ സഹിക്കവയ്യാതായപ്പോൾ അർജ്ജുനൻ കൈമേലോടുയർത്തി, ‘അശരീരി’ കേട്ടപോലെ പറഞ്ഞു, ആകാശങ്ങളിലെ അത്യുന്നതങ്ങളിൽനിന്നും ഇതാ എനിക്കൊരു രഹസ്യനിർദേശം!, പരിസ്ഥിതിപ്രശ്നം നോക്കാതെ, അതിലോല ആവാസവ്യവസ്ഥയായ ഖാണ്ഡവ വനം വളഞ്ഞു തീയിടുക. സ്ത്രീധനമായി എനിക്ക് കിട്ടിയ സ്വർണ്ണ ഉരുപ്പടി തട്ടിയെടുത്തു കാടു കത്തിക്കാൻ ആളും അർത്ഥവും ഭീമൻ സംഭരിച്ചു. ഖാണ്ഡവവനം ചാരമാക്കി ഇന്ദ്രപ്രസ്ഥത്തിൽ, പാണ്ഡവർ കരാർ വഴി, കൊട്ടാരം പണിയുമ്പോൾ, മണ്ണും കട്ടയും ഉൾപ്പെടെ മാലിന്യം അടിച്ചുമാറ്റേണ്ട പണി, ‘കൊള്ളരുതാത്ത’ ഏതോ പാണ്ഡവഗർഭം ചുമക്കുന്ന എനിക്കു ആ കാലത്തു കിട്ടി!”. അന്തഃപുരത്തിൽ പണിയെടുക്കുന്ന തോഴികളിൽ ഒരാൾ ജാലകത്തിന്നപ്പുറത്തുനിന്നു വിരൽആംഗ്യങ്ങളിലൂടെ ദ്രൗപദിയുടെ ‘തലയ്ക്ക സുഖമില്ല’ എന്ന സന്ദേശം കിട്ടിയപ്പോൾ അഭിമുഖം നിർത്തി യാത്ര ചോദിക്കാതെ കൊട്ടാരം ലേഖിക പുറത്തേക്കിറങ്ങി.

“ലക്ഷക്കണക്കിന് കൗരവസഖ്യ സൈനികർ അത്യാധുനിക മാരകായുധ ശേഖരവുമായി ഹസ്തിനപുരിയിൽ നിന്നും കുരുക്ഷേത്രയിലേക്ക് പകൽ പദയാത്ര ചെയ്യുക! ഇതുവരെ യുദ്ധം കാണാത്ത ജനതക്ക് ആ കാഴ്ച അസ്തിത്വഭയം ജനിപ്പിക്കില്ലേ?” കൊട്ടാരം ലേഖിക ദുര്യോധനനെ ആയുധ കലവറയിൽ കണ്ടെത്തി.

“തക്ഷശിലയിൽ നേടിയ സൈനിക പരിശീലനത്തിൽ ഞങ്ങൾ എന്നോ പഠിച്ചു, ഒരു കയ്യിൽ മാരകആയുധമെങ്കിൽ, മറുകയ്യിൽ വേണം മാടപ്രാവ്.”

“ദൂരെ ദൂരെ ഗംഗാസമതലത്തിലെ ഹസ്തിനപുരിയിൽനിന്ന് നിങ്ങൾ, ഒരു കൊട്ടാരം ലേഖിക, ഹിമാലയത്തിലെ ഈ വനാശ്രമത്തിൽ ഞങ്ങളെ ഇടയ്ക്കിടെ വന്നു കണ്ടു തിരിച്ചു പോവുന്നതിന്റെ ചാരവിവരാവകാശ പ്രസക്തി, അല്ലെങ്കിൽ, അരമനരഹസ്യമെന്ത്?”, സംസാരിക്കുന്നതിന്നിടയിൽ നകുലൻ തലയിൽ കൈവച്ചു വിസ്മയം നടിച്ചു.

“ഹസ്തിനപുരിപത്രികയുടെ ചുവരെഴുത്ത് പതിപ്പു, കൗരവരാജ സ്ത്രീകളുടെ ന്യൂറോളം അന്തേവാസികളെ നിത്യവും വായനക്കാരാക്കുന്നു. അവർക്ക് ഗംഗയോ ഹിമാലയമോ വാർത്തയല്ല, അവർക്ക് അടിമപ്പെൺ പാഞ്ചാലിയുടെ പരിദേവനങ്ങൾ മതി. സംഗതി നേരിട്ടറിയാൻ കൌരവർ രഹസ്യപ്രായോജകർ ആയ ആവർത്തനയാത്രയാണ് ഞാൻ, ഇതിഹാസത്തിന് വേണ്ടി ഏറ്റെടുത്തത്.”

◇ 2025/04/15 ◇

“അടിച്ചേല്പിക്കപ്പെട്ട ബഹുഭർതൃത്വം ആജീവനാന്ത ഗാർഹിക ശിക്ഷാ നടപടിയെന്ന് കുന്തിപ്പറഞ്ഞു ഭർതൃമാതാവ് കുന്തിയെ കുറ്റവാളിയാക്കുന്നതൊക്കെ ഓർമ്മയിൽ വച്ചുകൊണ്ട് ചോദിക്കട്ടെ, പൊറുതി ഇഷ്ടമില്ലെങ്കിൽ ബന്ധം ഒഴിവാക്കാൻ എന്തായിരുന്നു നിങ്ങൾക്ക് തടസ്സം?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരിയിൽ പാഞ്ചാലി മഹാറാണിപദവി വഹിക്കുന്ന സ്വേച്ഛാധിപത്യക്കാലം.

“എന്റെ ഭാഗത്തു ചെറുതും ചെറുതല്ലാത്തതുമായ വീഴ്ചകളും നോട്ടപ്പിശകും ആദ്യ കാലത്തു പറ്റിപ്പോയി. വ്യത്യസ്ത പിതൃത്വം അവർക്കുണ്ടെങ്കിലും, പാണ്ഡവകുലത്തിനു ആപത്തു മണത്താൽ അഞ്ചുപേരും ഒരുമിച്ചു പത്തിവിടർത്തുന്നതൊരു പതിവു കാഴ്ചയായിരുന്നിട്ടും ഞാൻ അതൊക്കെ അർഹിക്കുന്ന ഗൗരവത്തിൽ കാണാതെ അവർക്കിടയിൽ ഒന്നിനൊന്നു ഭിന്നിപ്പുണ്ടാക്കാൻ മുന്നണികളുണ്ടാക്കി, പരസ്പരം തല്ലിതോൽപ്പിക്കാനും, പ്രകോപിക്കുമ്പോൾ പുറത്തു പറഞ്ഞുകൂടാത്ത പരമരഹസ്യങ്ങൾ ഞാൻ ചിലരിൽ മാറിമാറി പ്രയോഗിച്ചിരുന്നു. എന്നെ പ്രീതിപ്പെടുത്താൻ ഓരോരുത്തരും ഓരോ വിചിത്രരീതി അവലംബിക്കുമ്പോൾതന്നെ ഒത്തുകൂടി പാഞ്ചാലി എന്ന പൊതുശത്രുവെന്തൊക്കെ ചെയ്താണ് നമ്മെ രാപ്പകൽ വേട്ടയാടുന്നതും വിടുപണി ചെയ്യിക്കുന്നതും എന്നവർ, പായക്കൂട്ടരഹസ്യങ്ങൾ കെട്ടഴിച്ചു പൊതുവായി ചർച്ച ചെയ്യുന്നുണ്ടായിരുന്നു. ഓരോരുത്തരോടും തലയിണമന്ത്രത്തിൽ ഞാൻ പറഞ്ഞതെല്ലാം അങ്ങനെ പഞ്ചപാണ്ഡവരുടെ സംഘടിത ആയുധപ്പുരയിലായി. എന്റെ നിസ്സഹായത അവർ മുതലെടുത്തു അതിന്റെ ആദ്യകാഴ്ച നിങ്ങൾ കണ്ടത് ചൂതാട്ടത്തിലല്ലേ! എന്റെ സമ്മതമൊന്നും ചോദിക്കാതെതന്നെ ഈ പെണ്ണുടൽ പണയംവക്കാൻ അവർക്കു സാഹസിക മനോഭാവം കൈവന്നത്, എനിക്ക് തിരിച്ചൊന്നും അവരോടു് പറയാനാവില്ല എന്ന ബോധ്യത്തിലായിരുന്നു. അപ്പോൾ അതിൽ ഒന്നോ രണ്ടോ പേരെ ദാമ്പത്യസഖ്യത്തിൽ നിന്നു എങ്ങനെ പ്രത്യാഘാതങ്ങൾ ഇല്ലാതെ വിടുതൽ ചെയ്യും!”

“വലതുകൈപൊക്കി നിങ്ങൾ കൊള്ളരുതാത്തവന്റെ ചെകിടത്തു ഒന്നാഞ്ഞടിച്ചിരുന്നെങ്കിൽ”, മഹാറാണി പാഞ്ചാലിയെ, പതിമൂന്നുകൊല്ലം മുമ്പ് സംഭവിച്ച ‘അമംഗളസന്ധ്യ’യിലേക്കു കൊട്ടാരം ലേഖിക കൊണ്ടുപോയി. യുദ്ധാനന്തര പാണ്ഡവ ഭരണകൂടം.

“‘ലൈംഗിക പീഡക’നായിരുന്നുവോ? രാജസഭയായിരുന്നുവോ? അന്തഃപുരത്തിൽ പുതുതലമുറ കൗരവ രാജകുമാരികൾക്ക് സൌന്ദര്യപരിപാലനത്തിൽ വ്യക്തിഗത ശിക്ഷണം കൊടുക്കയായിരുന്ന എന്നെ, പ്രണയത്താൽ പരവശനായ പരിചിതകൌരവൻ ഇടിച്ചുകയറി വാരിപ്പുണർന്ന പുറത്തേക്കു പാഞ്ഞതോർമ്മിക്കുന്നു. വേനൽപുഴുക്കത്തിൽ നനഞ്ഞ മേൽവസ്ത്രങ്ങൾ അവൻ വത്സലഭാവത്തിൽ വേർപെടുത്തിയത് കൗതുകത്തോടെ ഓർമ്മിക്കുന്നു. സ്ത്രീകളെല്ലാം കുന്തിയെ പോലെ അവിശ്വസ്തകളെന്ന ദുസ്സംശയം പുലർത്തുന്ന പാണ്ഡവർ, പരിഭ്രമത്തിൽ നോക്കുന്നതോർമ്മയുണ്ട്”, പാഞ്ചാലിയുടെ മിഴികൾ പതുക്കെ ഓർമക്കൊപ്പം നീങ്ങി.

◇ 2025/04/16 ◇

“കടിലകൗരവനിൽ നിന്നും ച്യതാട്ട സഭയിൽ നേരിട്ട ലൈംഗികാതിക്രമ പരാതി വിചാരണക്കെടുത്തപ്പോൾ, പെണ്ണനക്കുലവിധി പ്രതീക്ഷിച്ച അതിജീവിതയെ ഞെട്ടിച്ചുവോ, നീതിപീഠ പരാമർശം?”, കൊട്ടാരം ലേഖിക പാണ്ഡവരോട്ട് ചോദിച്ചു. വനവാസക്കാലം.

“ഔപചാരികപരാതി പോലും ഇല്ലാതെ തന്നെ നീതിപീഠം, സ്വയം വിചാരണ തുടങ്ങി എന്നറിഞ്ഞപ്പോൾ കരു വംശനീതിയുടെ നിഷ്പക്ഷ വഴിയിൽ ഞങ്ങളും പൂ ചൊരിഞ്ഞു, എന്നാൽ വിവാദം ക്ഷണിച്ചുവരുത്തുകയായിരുന്ന എന്ന സാഹചര്യങ്ങൾ നോക്കി നീതിപീഠം പറഞ്ഞതിൽ എന്താണ് തെറ്റ്? അന്തഃപുരത്തിൽ അർദ്ധനഗ്ന പാഞ്ചാലി എന്തുകൊണ്ട് പീഡകച്ചുമലിൽ കമഴ്ന്നുകിടന്നു? എന്തുകൊണ്ട് പീഡകന്റെ കഴുത്തിൽനിന്നും കരുതറിയില്ല ഒച്ചവച്ചു നിലവിളിച്ചില്ല പിടിവിട്ട് ഓടിയൊളിച്ചില്ല അങ്ങനെ ആത്മരക്ഷക്ക് ഒരു ശ്രമവും ചെയ്യാതെ, വസ്ത്രാക്ഷേപഇരയായി നിന്ന കൊടുത്തു? കേൾക്കേണ്ടത് അങ്ങനെ അവൾക്ക് കേൾക്കാനായി. കുതിരപ്പന്തി അന്തിചർച്ചയിൽ പാണ്ഡവർ പരിഹാസ്യ കഥാപാത്രവുമായി പറഞ്ഞു പറഞ്ഞു വായടച്ച ഭീമൻ വിതുമ്പി, മറ്റു നാലു പാണ്ഡവർ വൈകാരികത കണ്ടു വല്ലായ്മയോടെ മുഖം തിരിച്ചു.”

“പ്രണയം എന്ന വാക്ക് പാണ്ഡവരുടെ നിത്യപ്രയോഗത്തിലുണ്ടോ?”, കൊട്ടാരം ലേഖിക കൌതുകപ്പെട്ടു. വെയിൽ കനത്തപ്പോൾ പാണ്ഡവർ ക്ലൂട്ടംകൂടി കുന്നിനു കീഴെ തടാകത്തിൽ നീരാടാൻ പോയ നേരം. പായനെയുകയായിരുന്ന ജാലകോരത്തിരുന്ന പാഞ്ചാലി.

“ജീവകാലം മുഴുവൻ ഒരേ പായ പങ്കിടുന്നവളെ എങ്ങനെ പ്രണയിനി എന്ന് വിളിക്കും? അർജ്ജുനൻ ഒരിക്കൽ നിന്ദയോടെ ചോദിച്ച ഓർമയുണ്ട്. അതിസുന്ദരിയും കൃഷ്ണ സഹോദരിയും ആയ സുഭദ്രയെ വിവാഹം കഴിച്ച സുരഭില കാലമായിരുന്നു. അതോടെ എന്റെ നീറുന്ന പെൺഹൃദയം അവനുവേണ്ടി പിടക്കുന്നത് എന്നെന്നേക്കുമായി നിന്നു.”

“ക്ഷമയോടെ ഊഴം കാത്തു അവസരം കിട്ടിയ പാണ്ഡവരിലൊരാൾ പായ പങ്കിടാൻ ഈ ഒറ്റമുറിയിൽ വരുമ്പോൾ, മറ്റു നാലു പാണ്ഡവർ നിങ്ങളിരുവരുടെ രതിസ്വകാര്യത മാനിച്ചു കടിലിൽ നിന്ന് പുറത്തു പോവും എന്നതല്ലേ നിലവിലുള്ള പൊതു ദാമ്പത്യധാരണ?”, കൊട്ടാരം ലേഖിക സമവായ സ്വരത്തിൽ സഹായിച്ചു.

“എന്തൊക്കെ ചെയ്താൽ ആൺപെൺശാരീരിക പാരസ്പര്യത്തെ മലിനപ്പെടുത്താമോ അതൊക്കെ ബാക്കി നാലു പേരും ഒളിഞ്ഞും തെളിഞ്ഞും ചെയ്യും. അപമാനബോധതോടെ ഞങ്ങൾ കമഴ്ന്നു കിടക്കും. അസ്ത്രം മറന്നു വച്ചത് എടുക്കാൻ വന്നതാണ് എന്ന് നിഷ്കളങ്കമായി പറഞ്ഞു പാണ്ഡവരിൽ ഒരാൾ മുറിയിൽ ഇടിച്ചുകയറിയതു ഇതുവരെ മറന്നിട്ടില്ലല്ലൊ.”

◇ 2025/04/17 ◇

“ചെങ്കോൽ മതിയായി, വാനപ്രസ്ഥം കൈമാടി വിളിക്കുന്നു എന്ന് മഹാരാജാ യുധിഷ്ഠിരനെ കൊണ്ട് നാടകീയമായി പറയിപ്പിക്കാൻ മാത്രം പാഞ്ചാലിയിൽ നിന്നും പ്രകോപനം എന്തുണ്ടായി?” കൊട്ടാരം ലേഖിക ചാരവകുപ്പ് മേധാവി നകുലനോട് ചോദിച്ചു.

“ഭർത്താക്കന്മാർ യുദ്ധം അതിജീവിച്ചത് ഭാഗ്യം കൊണ്ടായിരുന്നു, എന്നാൽ എന്റെ അഞ്ചു മക്കൾ കുരുക്ഷേത്രയിൽ മരിച്ചത് പാണ്ഡവഅശ്രദ്ധ കൊണ്ടും, എന്ന പാഞ്ചാലിയുടെ പ്രകോപനം യുധിഷ്ഠിര ശ്രദ്ധയിൽ പെട്ടു”. ചെങ്കോൽ അഭിമന്യുപുത്രൻ പരീക്ഷിത്തിനെ ഏൽപ്പിക്കാൻ നെട്ടോട്ടം ഓടുകയായിരുന്ന കൊട്ടാര ഭരണത്തിന്റെ അധിക ചുമതല വഹിക്കുന്ന നകുലൻ.

“എന്തുതരം മരണമാണ് കാത്തിരിക്കുന്നതെന്ന ഭയമാണോ? രാജമാതാ സത്യവതിയും പുത്രവിധവകളും കാട്ടിൽ കുറുനരികൾക്കിരയായി എന്ന് കേട്ടിട്ടുണ്ട്, കുന്തിയും ഗാന്ധാരിയും കാട്ടുതീയിൽ വെന്തുമരിച്ചു എന്നറിഞ്ഞു. ഭാവന കാണുന്നുണ്ടോ?”, മഹാപ്രസ്ഥാനം എന്ന അന്ത്യവിധിക്കായി പാണ്ഡവർക്കൊപ്പം കൊട്ടാരത്തിൽ നിന്ന് പടിയിറങ്ങുന്ന പാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ഈ ഉടലെടുക്കാൻ എന്തിനാണ് വന്യപ്രകൃതിയും കാട്ടുമൃഗങ്ങളും? മുമ്പിൽ നടക്കുന്ന അഞ്ചംഗ മരണവ്യാപാരികൾ പോരെ?”

“ലിംഗസമത്വ പരിഗണനയില്ലാതെ, ഔദ്യോഗിക രേഖകളിലും പ്രഭാഷണങ്ങളിലും ‘പാണ്ഡവർ’ എന്ന മാത്രം പരാമർശിക്കുന്നതിൽ പ്രതിഷേധമുണ്ടെന്ന നിങ്ങളുടെ പ്രസ്താവന, സ്വയം കൗരവഅടിമയായ നിങ്ങളുടെ ഭാഗത്തുവന്ന അച്ചടക്കലംഘനമായി ദുര്യോധനകാര്യാലയം നേരിടുമെന്ന കേട്ടല്ലോ. ഒറ്റവാക്യത്തിൽ ഒരുദ്ധരണി തരാമോ?”, കൊട്ടാരം ലേഖിക ചോദിച്ചു. ജലാശയത്തിൽ അവർ മാത്രമായിരുന്നു.

“വനവാസത്തിനുപോയ പാണ്ഡവർ എന്ന ഔദ്യോഗിക പ്രസ്താവനയിലെ ലിംഗനീതിനിഷേധം ചൂണ്ടിക്കാണിച്ചഞാൻ, ഇനി എല്ലാ അറിയിപ്പുകളിലും രേഖകളിലും, “വനവാസത്തിനു പോയ പാഞ്ചാലിയും പാണ്ഡവരും” എന്ന് വേണം കൃത്യമായി അടയാളപ്പെടുത്താൻ എന്ന പെണ്ണവകാശം സാന്ദർഭികമായി മുന്നോട്ട വച്ചാൽ, അതിൽ ‘ഉടയോൻ ദുര്യോധനൻ’ കാണുന്ന ‘അച്ചടക്കലംഘനം’ എന്താണിത്ര ഗുരുതരമാവാൻ?”, ദുര്യോധനൻ രഹസ്യമായി കൊടുത്തയച്ച സുഗന്ധ തൈലം, കുളിച്ചു നിവർന്ന സ്വശരീരത്തിൽ തേച്ചു പിടിപ്പിച്ചു പാഞ്ചാലി നാടകീയമായി ഹസ്തിനപുരി സാമ്രാജ്യത്തെ വെല്ലുവിളിച്ചു.

◇ 2025/04/18 ◇

“കർണ്ണൻ നിങ്ങളോടെന്താ പരവശനായി പിറുപിറുക്കുന്നതു കണ്ടല്ലോ. പാണ്ഡവനിന്ദ പറഞ്ഞു തീർന്നില്ലേ ഇനിയും അയാൾ?”, യുദ്ധകാര്യലേഖകൻ ഒരു കരിമ്പിൻ തണ്ടു കൊട്ടാരം ലേഖികക്ക് നീട്ടി. മിക്കവാറും ആളൊഴിഞ്ഞ പോർക്കളത്തിൽ അവർ ഇരുവരും കാലിൽ ശവം തട്ടാതെ നടന്നു.

“അടുത്ത അരനൂറ്റാണ്ടിലൊന്നും ധൃതരാഷ്ട്രവംശജർ അധികാരത്തിലെത്തില്ലെന്ന് കർണ്ണൻ അരമനരഹസ്യം പോലെ സ്ഫോടനകമായി കമ്പസാരം തുടങ്ങി. കൗരവരെക്കാൾ വിശാലമായ മനസുള്ളത് യുധിഷ്ഠിരനാണ്. എന്നെ പോലെ കൗന്തേയൻ ആയതു കൊണ്ടല്ല, ശത്രുപക്ഷത്തുള്ളവരോട് പെരുമാറ്റ പരിഗണന! എനിക്ക് ദുര്യോധനനോട് വർഷങ്ങളായുള്ള സമർപ്പിതസേവനത്തിന് ധൃതരാഷ്ട്ര രാജസേവകരിൽ നിന്നും വേണ്ടത്ര അംഗീകാരം ലഭിച്ചില്ല. കൊട്ടാരം ലേഖികയോട് ഹൃദയം തുറക്കുകയല്ലാതെ രക്ഷയില്ല. ഇന്ദ്രപ്രസ്ഥം ചക്രവർത്തിയായിരുന്നപ്പോൾ, യുധിഷ്ഠിരന്റെ കൊട്ടാരവിരുന്നുകളിലെല്ലാം, ദുര്യോധനവിശ്വസ്തൻ എന്ന നിലയിൽ വ്യക്തിഗത ക്ഷണം നിരസിക്കുകയാണ് ഞാൻ ചെയ്തത്. ഓർത്തു നോക്കുമ്പോൾ അനുചിത പെരുമാറ്റമായിരുന്നു. വസ്ത്രാക്ഷേപ സമയത്തു പാണ്ഡവർക്കെതിരെയും, സഹോദരപത്നി എന്ന നിലയിൽ ദ്രൗപദിക്കെതിരെയും മ്ലേച്ചമായി പെരുമാറി, എന്നാൽ അതെല്ലാം അവഗണിച്ച് യുധിഷ്ഠിരൻ നല്ല രീതിയിലാണ് പെരുമാറിയത്. രാഷ്ട്രതന്ത്രജ്ഞനെപ്പോലെ രാജാക്കന്മാർ പെരുമാറേണ്ട സന്ദർഭങ്ങളുണ്ട് എന്ന് ഗുരു പഠിപ്പിച്ചപ്പോൾ അതിന്റെ ഗൗരവം അറിയാൻ യുധിഷ്ഠിരനുമായി ഇടപഴകേണ്ടി വന്നു. കൗരവ സൈന്യവ്യൂഹനിർമ്മിതിയിൽ കാലോചിത മാറ്റങ്ങൾ കൊണ്ടു വരാൻ ഞാൻ ശ്രമിച്ചപ്പോൾ ദുശ്ശാസനൻ, ‘പാണ്ഡവദല്ലാൾ’ എന്ന് എന്നെ അവഹേളിച്ചു. ആ ദുഷ്ട മനോനിലയിൽ നിന്നും ഉയരാൻ പൊതുവെ കൗരവർക്കാവില്ല. അർജ്ജുന ആവനാഴിയിൽ വിഷം പുരട്ടിയ ക്രൂരനും, എന്റെ തേരാളി മദ്രരാജാവിന്റെ ചമ്മട്ടിയിൽ അനിഷ്ടവും നാളെ ഈ സമയത്തുണ്ടെങ്കിൽ ഞാൻ ജഡമായിട്ടുണ്ടാവും—കഴുകനു കണ്ടറിയാനാവട്ടെ നാളത്തെ അത്താഴം എന്റെ ഉടൽ ആയിരിക്കുമോ?”

“നാളെ ഈ സമയം കർണ്ണൻ കാലപുരിയിൽ പോയെന്നറിഞ്ഞാൽ ഈ അഭിമുഖം നമുക്ക് മുഖ്യവാർത്ത, അല്ലെങ്കിൽ ചവറ്റുകൊട്ട!” യുദ്ധകാര്യലേഖകൻ കരിമ്പിൻചണ്ടി വലിച്ചെറിഞ്ഞു, അതുചെന്നുവീണ ശവത്തെ നോക്കിയപ്പോൾ, കൊട്ടാരം ലേഖികയുടെ കരൾ നൊന്തു.

“ദുര്യോധനൻ എന്ന യുഗപുരുഷന്റെ പൂർണകായ വെങ്കല പ്രതിമ അനാച്ഛാദനം ചെയ്യുന്ന നേരത്ത്, മുൻനിരയിൽ ഇരിക്കാതെ, തെരുവിൽ പ്രതിഷേധിക്കയാണോ ദുര്യോധനവിധവയും കൗരവ രാജസ്ത്രീകളും?”, മൃദുപ്രകൃതിയായ ദുശ്ശാശനവിധവയോട് കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധാനന്തര പാണ്ഡവഭരണം തുടങ്ങിയ അശാന്ത ദിനങ്ങൾ.

“ഭീമഗദ പ്രഹരത്തിൽ തുട പൊട്ടി കഴഞ്ഞുവീണ ഭർത്താവിനെ, കുറനരിക്കു വിട്ടുകൊടുത്ത ഹസ്തിനപുരിയെ കയ്യിലെടുക്കാൻ തട്ടിക്കൂട്ടി പ്രതിമ പണിതാൽ തീരുമോ പാപം? നൂറോളം കൗരവരാജവിധവകളെയും കുടുംബങ്ങളെയും അന്തഃപുരത്തിൽ നിന്നും പാതിരാത്രി ആട്ടിയോടിച്ച പാഞ്ചാലി, ഇപ്പോൾ കൊച്ചമ്മ ചമയുമ്പോൾ, അവർക്കറിയാമോ വനവാസകാലത്തു നീതിപീഠം അറിയാതെ അവൾക്കെത്തിച്ച തുണിയും തൈലവും ഫലങ്ങളും കഴിച്ചായിരുന്ന അവൾ പൊന്നടൽ പരിപാലിച്ചത്. അവൾക്ക് മുമ്പിൽ സൗജന്യധാന്യത്തിന് ഞങ്ങൾ ശിരസ്സ് കുനിക്കണോ, അതോ ഉള്ള കാര്യം ജനങ്ങളെ അറിയിക്കണോ?”

“കുരുക്ഷേത്ര വിധവകളുടെ പ്രക്ഷോഭം കാണാൻ വന്ന ഞങ്ങൾക്ക് ഇടംതെറ്റിയോ?, യുധിഷ്ഠിരൻ നേതൃത്വം കൊടുക്കുന്ന പാണ്ഡവഭരണകൂടത്തെ നിർത്തിപ്പൊരിപ്പിക്കുവാൻ നൂറോളം കൗരവരാജവിധവകൾ തെരുവിൽ ഇറങ്ങിയ വേനൽക്കാല പ്രഭാതത്തിൽ, എന്തിനാണൊരു ‘നിത്യവിശ്രുദ്ധയുടെ കാൽപ്പനിക’ സാന്നിധ്യം? വഴിവിട്ട രതിയുടെ ഉപാസകരായ സത്യവതിയുടെ കൂട്ടുകുടുംബമല്ലേ, മിക്കവാറും മണ്ണടിഞ്ഞ ഈ കുരുവംശം?” കൊട്ടാരം ലേഖിക ചോദിച്ചു. ഹസ്തിനപുരികോട്ടക്ക് പുറത്തുള്ള നഗരചത്വരം.

“പെറ്റതള്ള ഗാന്ധാരിയെക്കാൾ പ്രിയദുര്യോധനനു മമത, രാജമാതാ സത്യവതി. എന്നു പറഞ്ഞാൽ, പിതാവ് ധൃതരാഷ്ട്രരുടെ നീലരക്തബന്ധുവൊന്നുമല്ലെങ്കിലും, മഹാരാജാ ശന്തനുവിന്റെ വിധവ സത്യവതി, പൂർവ്വാശ്രമത്തിൽ മീൻകാരി, രാജവധുവായി ഹസ്തിനപുരിയിൽ വന്നപ്പോൾ, ഭർത്താവടക്കം എല്ലാവരെയും വരച്ചവരയിൽ നിർത്തി. സത്യവതിക്കൊരു പ്രത്യേകതയുണ്ടായിരുന്നു, കൊട്ടാരത്തിൽ വിലപേശലിന്റെ ഒരു കൊച്ചുകാറ്റ വിതച്ചു കൊണ്ടവൾ എക്കാലവും നേട്ടങ്ങളുടെ കൊടുങ്കാറ്റ കൊയ്തു. ‘അവിശ്രുദ്ധ’യെങ്കിലും ഭരണനിപുണയായിരുന്നസത്യവതി, നിൻ തിരുനാമം ദേശാന്തരങ്ങളിൽ എന്നെന്നും വാഴ്ത്തപ്പെടട്ടെ എന്ന് അന്തഃപുരത്തിൽ, എന്റെമുമ്പിൽ മുട്ടുകുത്തുന്ന നേരത്തു, ദുര്യോധനൻ മിതമായി അവളെ മഹത്വപ്പെടുത്തും. എന്നാൽ ഇപ്പോഴത്തെ റാണി പാഞ്ചാലിയോ? മക്കളഞ്ചുപേരും കൊല്ലപ്പെട്ടു. പ്രസവിക്കാനാവാത്ത വിധം, മാതൃത്വമോഹത്തിൽ മൂല്യശോഷണവും സംഭവിച്ചു. എന്നാൽ രാജമാതാവിന്റെ തിരുഹൃദയം ഉണ്ടോ? സൂക്ഷിച്ചു നോക്കുക ആ കാണുന്ന കിരീടാവകാശി പരീക്ഷിത്തിനെ! കുരുവംശത്തിനു കാര്യക്ഷമമായ പിന്തുടർച്ചക്കായി, വേണമെങ്കിൽ, കായികക്ഷമതയുള്ള കൗരവ വിധവകളുമായോ, പുതുതലമുറ കൗരവയുവതികളുമായോ സംയോഗസാധ്യതക്കായി പരീക്ഷിത്തിനെ പരീക്ഷിക്കുന്നതിനു പകരം, പാഞ്ചാലി എല്ലാ കൗരവസ്ത്രീകളെയും പടിക്കു പുറത്താക്കി. ഞങ്ങൾക്കൊരിടയനെ വേണം എന്ന് കൗരവവിധവകൾ തെരുവിൽ യാചിക്കുമ്പോൾ അവളാകട്ടെ, കുഞ്ഞാടിൻ പറ്റങ്ങളെ ആട്ടിപ്പുറത്താക്കുന്നു. വൃത്തികെട്ട കുടുംബ രാഷ്ട്രീയം കളിക്കുന്ന പാഞ്ചാലിക്ക് എങ്ങനെ രാജമാതാപദവി എന്ന അപൂർവ്വയോഗ്യത നേടാനാവും!”

“ജഡം കണ്ടപ്പോൾ, പൊതുവെ മൃദുലവികാരങ്ങളില്ലാത്ത ഞങ്ങൾ പത്രപ്രവർത്തകർ പോലും വിതുമ്പി. നേർക്കുനേർ പോരാട്ടത്തിൽ വധിക്കപ്പെട്ടവന്റെ മൃതദേഹമായിരുന്നില്ല. ‘കൗരവ കാട്ടുപൂച്ച’കൾ കീറിമുറിച്ച നിലയിലായിരുന്ന കൗമാര പോരാളിയുടെ ഭൗതികാവശിഷ്ടങ്ങൾ. ഇതൊക്കെയാണോ ദ്രോണാചാര്യ ഗുരുകുല വിദ്യാഭ്യാസത്തിൽ നേടിയ പോർക്കളചട്ടങ്ങൾ?”, കൊട്ടാരം ലേഖിക ചോദിച്ചു. ദൂരെ കത്തിപ്പിടിച്ചുയർന്നിരുന്ന ചക്രവ്യൂഹത്തിൽ ഞെരിക്കപ്പെട്ടവന്റെ ചിത.

“പണിക്കു നിങ്ങൾ വന്നാൽ വിപണി നിരക്കിൽ തരേണ്ടേ വരമ്പത്തുകൂലി?”

◇ 2025/04/19 ◇

“ഔദ്യോഗിക ജീവചരിത്രകാരൻ നിങ്ങൾക്ക് ഉണ്ടായിരുന്നെങ്കിൽ എന്ന് മോഹിക്കുന്നുണ്ടോ”, വാനപ്രസ്ഥത്തിന പാണ്ഡവരുടെ കൂടെ പടിയിറങ്ങിയ പാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“വസ്തുതാപരമല്ലാത്ത പ്രശംസകളും അവാസ്തവമായ ആക്ഷേപങ്ങളും ഇല്ലാത്ത എന്ത് ഔദ്യോഗിക ജീവചരിത്രമാണ് ഭാവിതലമുറകൾ വായിക്കാൻ ഇഷ്ടപ്പെടുക!”

◇ 2025/04/20 ◇

“ഖാണ്ഡവ വനത്തിലേക്കുപറഞ്ഞു പറ്റിച്ച പാണ്ഡവരെ യാത്രയാക്കുമ്പോൾ, പാണ്ഡവരുടെ നല്ലനടപ്പിനു ജാമ്യത്തടവുകാരിയായി കുന്തിയെ കൊട്ടാരത്തിൽതന്നെ നിർത്തിയ ധൃതരാഷ്ട്രർ, അവർക്കെന്തു രാപ്പകൽ പണിയാണ് കൊടുത്തത്?”, കൊട്ടാരം ലേഖിക ഗാന്ധാരിയോടു ചോദിച്ചു.

“മഹാരാജാവിന്റെ വ്യക്തിഗത സേവനദാതാവായി നിയമിച്ചു. മുൻ മഹാറാണി എന്ന നിലയിൽ എതിർത്ത കുന്തിയോട്, “മുൻപരിചയമില്ലാത്ത ആണുങ്ങളെ പ്രലോഭിച്ചു കൂടെകിടത്തി ഗർഭംധരിക്കാൻ മടികാണിക്കാത്ത നീയാണോ കുരുവംശ രാജാവിനോട് അനിഷ്ടം കാണിക്കുന്നത്?” എന്ന് അന്ധൻ, ഞാൻ നേരത്തെ പറഞ്ഞു കൊടുത്ത പോലെ കുന്തിക്ക് നേരെ രഹസ്യമായി അപ്പോൾ ആഞ്ഞടിച്ചു. കുന്തി വഴങ്ങി. ഇപ്പോൾ ഒരു പണത്തൂക്കം മുന്നിൽ കാണാം എന്റെ പ്രിയ സഹോദരവിധവയെ രാജാവിന്റെ വ്യക്തിഗത സേവനവഴിയിൽ, എനിക്കും ആശ്വാസമായി വിധേയ കുന്തിയുടെ അന്തഃപുര സാന്നിധ്യം.”

“പാണ്ഡവരും കൗരവരും തമ്മിൽ കാതലായ പെരുമാറ്റ വ്യത്യാസം ഉണ്ടെങ്കിൽ, അതു നിങ്ങളെ എങ്ങനെ ബാധിച്ചു എന്നു പറയാമോ?”, കൊട്ടാരം ലേഖിക ദുര്യോധനവിധവയോട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി.

“സഹോദരഭാര്യമാരെ കൗരവർ, വയസ്സിനു താഴെ ആയാൽ പോലും, അമ്മക്ക് തുല്യം എന്ന അർഥത്തിൽ മാതാ ശ്രീ എന്ന് ബഹുമാനത്തോടെ വിളിച്ചു ഏതു സാഹചര്യത്തിലും ഹിതകരമായി പെരുമാറി മരണം വരെ. കൗരവരാജസ്ത്രീകൾ എന്നായിരുന്നു അവരെ മറ്റുള്ളവരോട് പരാമർശിക്കുക. ഞങ്ങളുടെ സുരക്ഷയുടെ കാര്യത്തിൽ അതീവശ്രദ്ധ. എന്നാൽ, പഞ്ചലിയോട് പാണ്ഡവർ? അടിവസ്ത്രത്തിൽ അറിയാതെ കൗരവ കൈവിരലുകൾ തട്ടി എന്നും പറഞ്ഞു എന്തായിരുന്നു ചൂതാട്ടസഭയിൽ ബഹളം. സ്വയംവര രാത്രിയിൽ അർജ്ജുനൻ നോക്കി നിൽക്കുമ്പോൾ അല്ലേ പാഞ്ചാലിയെ കാമക്കണ്ണുകളോടെ കൗന്തേയരുടെ മൂന്നുമക്കൾ രാത്രി മുഴുവൻ അർത്തി പിടിച്ച സംഘരതിക്ക് ഇരയാക്കിയത്. ഈ ലജ്ജാകരമായ കിടപ്പറരഹസ്യം ഞങ്ങളുമായി പങ്കുവച്ചത് വേറെ ആരുമല്ല ഇര!”

“യുദ്ധവാർത്ത പറഞ്ഞു അന്ധ രാജാവിനെ രസിപ്പിക്കുകയാണോ?”, കൊട്ടാരം ലേഖിക സഞ്ജയനോട് ഉപചാരത്തോടെ ചോദിച്ചു.

“നേരിൽ കണ്ടപോലെ പറയണമെന്ന് വ്യാസൻ വിരൽ ചൂണ്ടി താക്കീതു തന്നത് ആദ്യത്തെ ഒന്നുരണ്ടു ദിവസം എന്നെ കുഴപ്പത്തിലാക്കി. ആരോട് ചോദിക്കും? മൂന്നാം ദിവസം യുദ്ധവാർത്തകൾ ‘ഹസ്തിനപുരി പത്രിക’ അരമന ചുവരെഴുത്തിൽ വന്നുതുടങ്ങിയതോടെ സംഗതി എളുപ്പമായി. നിത്യവും പോയി ‘പത്രിക’ നോക്കി വ്യാസൻ പറഞ്ഞ പോലെ കൗരവർക്കനുകൂലമായി നിറവും ഒച്ചയും ചേർത്ത് രാജാവിന് വിളമ്പും. ചുവരെഴുത്തിൽ ചേർക്കാനുള്ള പുത്തൻ വധവാർത്തകൾ കൈവശമുണ്ടെങ്കിൽ തന്നു. ഉറക്കംവരാതെ ഞെളിപിരിയിലാണയാൾ. ഒന്നുകിൽ പാണ്ഡവർ അല്ലെങ്കിൽ അവരുടെ മക്കൾ മരിച്ചുകാണണം. സഞ്ജയൻ കൊട്ടാരം ലേഖികയെ പ്രീണനത്തോടെ നോക്കി.”

◇ 2025/04/21 ◇

“പാഞ്ചാലീ, നിങ്ങളെ ഓർത്തു ഞങ്ങൾ ലജ്ജിക്കുന്നു എന്ന് മുഖത്ത് നോക്കി പരിഹസിക്കാൻ എങ്ങനെ കൗരവരാജ സ്ത്രീകൾക്ക് നിങ്ങൾ അവസരം കൊടുത്തു? കുതിരപ്പന്തികൾ വാർത്ത ആഘോഷിക്കുന്നല്ലോ.” കൊട്ടാരം ലേഖിക ചോദിച്ചു. നവവധുവായി പാഞ്ചാലി ഹസ്തിനപുരിയിൽ കഴിയുന്ന അശാന്ത കാലം.

“കൗരവ രാജസ്ത്രീകൾ എന്നെ പരിചയപ്പെടുത്തി ചില കേമികൾ ഉച്ചസ്ഥ് ശേഷം എന്നെ കാണാൻ വന്നു. പാണ്ഡവർ അപ്പോൾ അന്തഃപുരത്തിൽ രാജാവിനെ കാണാൻ പോയിരുന്നു, സ്ഥിര താമസത്തിന് കോട്ടക്കകത്ത് അന്തിക്കുര കിട്ടുമോ എന്നറിയാൻ. അതിഥിമന്ദിരത്തിൽ എത്ര കാലം ഇങ്ങനെ കഴിയും. എപ്പോൾ എവിടെ വസതിയുണ്ട് എന്നൊക്കെ കൃത്യം വിവരം തരുന്നതിന് പകരം, എത്ര കിടപ്പറ വേണം അഞ്ച് മതിയോ എന്നവർ ആക്ഷേപസ്വരത്തിൽ ചോദിച്ചതോടെ എന്റെ നോട്ടം കഠിനമായി. ‘കൂടെ കിടക്കുമോ, നിനക്കുപ്പ ചൂടിത്തരട്ടെ’ എന്നൊക്കെ കൗരവർ രാവിലെ ക്ഷണിക്കുമ്പോൾ നിങ്ങൾ, അത്തരം വഴിവിട്ട രതിസൂചകങ്ങൾക്ക് വിലക്ക് കൽപ്പിക്കുന്നില്ലല്ലോ. പൂക്കളുമായി എന്നെ നിത്യവും കാണാൻ വരുന്ന കൗരവർ, വിധേയ പിടക്കോഴിയെ തേടുന്ന പൂവൻ! നിങ്ങൾ നൂറു റാണികൾ നൂറു ആണുങ്ങൾക്കും ഓരോ തവണയും പായ വിരിക്കുമോ എന്നു ഞാൻ ആഗതകളെ അനഭിമതരായി നോക്കി തിരിച്ചടിച്ചു. എന്നാൽ അവർക്കത് വെറും ഒരു പദകൗതുകം മാത്രമായി. വിളഞ്ഞവിത്തുകൾ ഓരോന്നും! പാണ്ഡവരോട് രാത്രി ഞാൻ, കിടപ്പറ സൂക്ഷിപ്പുകാരിയുടെ അധികാരത്തിൽ പറഞ്ഞു, ധൃതരാഷ്ട്രർ നമുക്ക് വേറെ ആർക്കും വേണ്ടാത്ത ഖാണ്ഡവ വനം തന്നാൽ പോലും, കുടിയേറാൻ നാം വൈകരുത്. കൗരവർ മാതാശ്രീ എന്ന പരാമർശിക്കുന്ന കൗരവരാജസ്ത്രീകൾ ഇടപഴകുന്നതിൽ അത്ര നിർദോഷികൾ അല്ലെന്ന പുത്ര തിരിച്ചറിവിൽ ആയിരുന്നു ഞാൻ കുടിയേറ്റത്തിന്റെ കാട്ടുപാതയിൽ ഹസ്തിനപുരി വിടാൻ തയ്യാർ ആയത്. ആരാധകകൗരവരുടെ പൂക്കളും പുഞ്ചിരിയും എന്നെ ഇത്രനാളും കളിപ്പിച്ചുവോ!”

“‘മനുഷ്യക്കുരുതിയുടെ മാമാങ്കം’ എന്നാണല്ലോ കുരുക്ഷേത്രയെ ചാർവാകൻ പറഞ്ഞുനടക്കുന്നത്. എങ്ങനെ നേരിടും ഇത്തരം യുദ്ധവിരുദ്ധ വിമതനിരീക്ഷണം?” കൊട്ടാരം ലേഖിക ചോദിച്ചു. പത്തൊമ്പതാം ദിവസം.

“അസത്യം വിതച്ചു പത്തുമേനി കൊയ്യുന്ന ചാർവാകനെന്തറിയാം യുദ്ധനിർവ്വഹണസമിതിയുടെ ഉത്തരവാദിത്വം? ഞങ്ങൾ കാര്യക്ഷമമായി ഒരുക്കിയത് പോരാട്ടഭൂമിയാണ്. പോരടിക്കുന്നവർ ആരെല്ലാമെന്നു ഞങ്ങൾ പരിശോധിക്കുന്നില്ല. സന്ധ്യക്ക് പോരാട്ടം നിർത്തുമ്പോൾ പോർക്കളത്തിൽ ഒരറ്റം മുതൽ ഞങ്ങൾ നടന്നു നോക്കും. മുറിവേറ്റവരുടെ അന്ത്യവും മരിച്ചവരുടെ ശവമടക്കും ഞങ്ങൾ ഏറ്റെടുത്തിട്ടില്ല. യുദ്ധവിജയം അവകാശപ്പെടാൻ ജീവനോടെ ഒരാൾ എങ്കിലും ബാക്കി ഉണ്ടെങ്കിൽ, ഒന്നരണ്ടുദിവസം കഴിഞ്ഞു ചുരുക്കം വാക്കുകളിൽ അഭിനന്ദിക്കും. യുദ്ധലക്ഷ്യം നേടിയോ എന്നതു ഞങ്ങൾക്കൊരു കാര്യമല്ല. കരാർ അനുസരിച്ചു പ്രതിഫലം യുദ്ധപ്രായോജകരിൽ നിന്നും നേരത്തേ ഈടാക്കും. ആർ യുദ്ധം ജയിച്ചു തോറ്റു എന്ന അറിയിപ്പൊന്നും ഔദ്യോഗികമായി കൊടുക്കില്ല, കാര്യപരിപാടി നടത്തിക്കൊടുക്കുന്നു എന്ന പരിമിത നിർവ്വഹണ ദൗത്യമേ ഞങ്ങൾക്കുള്ളൂ. കുരുക്ഷേത്രപ്രവിശ്യമൊത്തം പോരാട്ടവേദയൊന്നുമല്ലെന്നു പത്തിരുപതു ദിവസം യുദ്ധകാര്യ ലേഖകനുമൊത്തു കഴിഞ്ഞ നിങ്ങൾക്കറിയാമല്ലോ. തൊട്ടടുത്ത ഗ്രാമങ്ങളിൽനിന്നും പാളയത്തിലെ ഊട്ടുപുരകളിലേക്കു മാംസവിഭവങ്ങളും സസ്യഭക്ഷണവും നിരന്തരം തയ്യാറാക്കി എത്തിക്കുമായിരുന്നു. ആ നിലക്കുനോക്കിയാൽ വിശാല കുരുക്ഷേത്രയുടെ സാമ്പത്തിക മുരടിപ്പുമാറി, കൈവന്ന വികസനകുതിപ്പ് ശ്രദ്ധേയം. കുരുക്ഷേത്ര പോലുള്ള മാമാങ്കങ്ങൾ തുടർന്നും വേണം ഈ അവികസിതഭൂമിയുടെ ഭൗതിക നേട്ടങ്ങൾക്കു ആക്കം കൂട്ടാൻ. പല്ലുഞെരിക്കാതെ ധൈര്യമായിരിക്കാൻ പറയൂ ഇടഞ്ഞു നിൽക്കുന്ന ദരിദ്രയുക്തിവാദിയോട്. നല്ലൊരു നാളെ ഈ യുദ്ധത്തിൽ നിന്നും അയാൾക്കുമുണ്ടാവട്ടെ! ആർക്കറിയാം, യുദ്ധജേതാക്കൾ, അങ്ങനെ ഒരു വിഭാഗം ഉണ്ടെന്നു യുധിഷ്ഠിരൻ എന്നൊരാൾ അവകാശവാദം ഉന്നയിച്ചുകണ്ടു.”

◇ 2025/04/22 ◇

“പാഞ്ചാലി വിളിച്ചുകൂട്ടിയ ഉന്നതതലയോഗത്തിൽ കേട്ടത് ശരിയെങ്കിൽ, കൗരവപക്ഷത്തിനു ഈ ആയുധമോഷണം നാണക്കേടാവും. പോർക്കളത്തിൽ നിന്നും ഒറ്റയ്ക്ക് മടങ്ങിയ അർജ്ജുനൻ, സന്ധ്യക്ക് നീന്താൻ പുഴയിൽ ഇറങ്ങി. അലക്കുകല്ലിൽ ദിവ്യാസ്ത്രം വച്ചിരുന്നു. ആരോ അത് വെള്ളത്തിൽ എറിഞ്ഞു എന്നു വ്യക്തം. ഒഴുക്കിൽ ഉടമസ്ഥാവകാശം ഇല്ലാതാവുന്ന പൊതുബോധത്തിൽ കർണ്ണൻ അത് മോഷ്ടിച്ചെടുത്ത സ്വന്തമാക്കി. ഇത്ര അധമനാണോ ആകാശചാരിയുടെ ആരോമലുണ്ണിയെന്നു പറയപ്പെടുന്ന കർണ്ണൻ?” കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. കുരുക്ഷേത്ര.

“ദൈവകൃപയാൽ ദിവ്യാസ്ത്രം എന്ന ബഹുമതിനേടിയ ഗാണ്ടീവം പുഴക്കരയിൽ അർജ്ജുനൻ മറന്നുവച്ചതു, തിരയിളകിയപ്പോൾ ഒലിച്ചുപോയി. നീന്തി അസ്ത്രം പാടുപെട്ട് കർണ്ണൻ കരക്കണച്ച എന്നെ വിവരമറിയിച്ചു. പാണ്ഡവപാളയത്തിൽ പരിഭ്രാന്തനായിരുന്ന അർജ്ജുനനെയും, ആളെ വിട്ട് പോർക്കളത്തിലേക്കു വിളിച്ചിറക്കിക്കൊണ്ടുവന്നു. ഇരുപക്ഷ സേനാനായകന്മാരുടെ സാന്നിധ്യത്തിൽ കർണ്ണൻ അസ്ത്രം ഉടമക്കു നല്കി. ദാനശീലകർണ്ണനെ സംബന്ധിച്ചിടത്തോളം സർവ്വ സാധാരണം. എങ്ങനെ പ്രതികരിക്കുന്നു എന്ന് ചോദിച്ചപ്പോൾ കർണ്ണൻ എളിമയോടെ പറഞ്ഞു, അന്തിമഘട്ടത്തിൽ ഈ അസ്ത്രം വേണം എന്റെ കഴുത്തൊടിക്കാൻ എന്നറിഞ്ഞുതന്നെ ഞാൻ യുദ്ധധാർമ്മികത ആവശ്യപ്പെട്ടപ്പോൾ, ദിവ്യാസ്ത്രം ഉടമക്ക് തിരിച്ചുകൊടുത്തു. അല്ല പത്രപ്രവർത്തക സുഹൃത്തേ, ഇതിലൊക്കെ എന്താണ് വാർത്താപ്രാധാന്യം? മുഖ്യവാർത്തയായി ഇന്ന് താരശിരസ്സൊന്നും ഉരുണ്ടില്ലേ?”

“കുരുക്ഷേത്രയിൽ ഉയിർ പോവാതെ രക്ഷപ്പെട്ട നിങ്ങൾ, പക്ഷേ, കാലിടറുന്നതു ഊട്ടുപുരയിലാണോ?”, കൊട്ടാരം ലേഖിക പാണ്ഡവ വക്താവിനോട് ചോദിച്ചു.

“ഭക്ഷണം കുടുംബമാതാവായ സത്യവതിക്കു ആദ്യം വിളമ്പുക എന്ന ആചാരം ഭീമൻ തെറ്റിച്ചു എന്നതാണോ ഞങ്ങൾക്കെതിരെ പ്രഹരിക്കാൻ കിട്ടിയ ഗദ? മരിച്ചുപോയ സത്യവതിക്കു ബലിയിടുന്നത് മനസ്സിലാക്കാം പക്ഷേ, ഊട്ടുപുര ബലിഘട്ടമാക്കുന്നതിൽ അഭംഗിയുണ്ടെന്നു പറഞ്ഞത് പുരോഹിതരല്ല, യുക്തിവാദി ചാർവാകൻ. ഊട്ടുപുരയിൽ ഭീമൻ കുളിക്കാതെ വരുന്നു എന്നതാണ് പരാതിയായി ഉയർത്തുന്നതെങ്കിൽ, നായാടിത്തളർന്ന വേട്ടക്കാരായിരുന്നു ആദിമപാണ്ഡവർ എന്ന് മറക്കരുത്. കൗമാരകാല കൗരവർ വെള്ളിത്തളികയിൽ ഭക്ഷണം കഴിച്ചിരുന്ന സുവർണയുഗത്തിൽ പാണ്ഡവർ ഓടിത്തളർന്നു നേടി അന്നന്നത്തെ അപ്പം. വളർത്തുമൃഗങ്ങളെ ഭീമൻ ഊട്ടുപുരയിൽ വലിച്ചു കൊണ്ടുവന്നു കഴുത്തറക്കുന്നതും തൊലിയുരിക്കുന്നതും കുടൽപിളർക്കുന്നതും മാംസം എല്ലിൽ നിന്ന് വേർപെടുത്തുന്നതും കാണാൻ സുഖമില്ല എന്ന പരാതിയും അവരുടെ ജീവിതസമരം നിങ്ങൾ അംഗീകരിക്കാത്തത് കൊണ്ടല്ലേ? സത്യവതിയും ഗംഗയും അംബികയും അംബാലികയും ഉൾപ്പെട്ട ‘കുലീന’ കൗരവരാജ കുടുംബം ഒരിക്കൽ അഭിമാനത്തോടെ വന്ന വിശിഷ്ടാതിഥികൾക്കു ‘വിനയാ’ന്വിതമായ സ്വാഗതം ചൊല്ലിയിരുന്ന ഊട്ടുപുരയുടെ ഇന്നത്തെ അവസ്ഥ അറവുശാലക്കു സമം എന്ന നിങ്ങളുടെ പ്രസ്താവനയിൽ നിന്ന് വ്യക്തമായി, ഇന്നും നിങ്ങളൊക്കെ അടിമപ്പെടുന്നത് കുലീനം, അഭിജാതം, വിനയം തുടങ്ങിയ വാക്കുകളിലാണെന്നു. പുരോഗമനസാമൂഹ്യ കാഴ്ചപ്പാടുള്ള പാണ്ഡവരെ അവരുടെ തീൻശാലനിർമര്യാദകളിൽ ഇനിയും കുടുക്കരുതേ!”

“ഇതെന്താ മുൻപ് കാണാത്ത കൊച്ചുകൂട്ടിൽ, ഇണയില്ലാത്ത അലങ്കാരപ്പക്ഷി?”, കൊട്ടാരം ലേഖിക വനാശ്രമത്തിലെ കിടപ്പറയിൽ കടന്ന ഉടൻ ഇരു കൈകളും നാടകീയമായി വാക്കുകൾക്കൊപ്പം ഉയർത്തി.

“ആവർത്തനസ്വഭാവമുള്ള പാണ്ഡവചോദ്യങ്ങൾക്ക് ഈ തത്ത, പരിശീലനത്തിലൂടെ നേടിയ സൌമനസ്യത്തോടെ എത്ര വേണമെങ്കിലും ചൊടിക്കാതെ ഉത്തരം നല്കും”. തത്തയ്ക്ക് കുടിക്കാൻ ശുദ്ധജലം മൺപാത്രത്തിൽ കൊണ്ട് വരുമ്പോൾ കൊട്ടാരം ലേഖികയുടെ അഭിവാദ്യം സ്വീകരിക്കെ പാഞ്ചാലി പറഞ്ഞു.

“വ്യഥ സഹാനുഭൂതിയോടെ അവർ നിങ്ങളോട് ചോദിച്ചറിയാറില്ലേ? പറഞ്ഞു വന്നാൽ സന്യസ്ത സമൂഹങ്ങളല്ലേ ചുറ്റുമുള്ള അയൽക്കാർ? സ്വത്തും പൗരാവകാശവും നഷ്ടപ്പെട്ടു കാട്ടുകുടിലിൽ കഴിയേണ്ടിവരുന്ന ഇന്ദ്രപ്രസ്ഥം ചക്രവർത്തിയുടെ കുടുംബമല്ലേ നിങ്ങൾ?”. വസന്തകാല നിറങ്ങൾ വ്യാപിച്ച കുന്നിൻമുകളിലെ അയൽപക്ക ആശ്രമങ്ങളിലേക്ക് കൊട്ടാരം ലേഖിക വിരൽ ചൂണ്ടി.

“കള്ളച്ചൂത് കളിച്ചിട്ടു രാജകീയ സൌഭാഗ്യങ്ങൾ നഷ്ടപ്പെടുത്തിയ പാണ്ഡവർ, അല്ലെ? എന്ന ചോദ്യം നിന്ദയോടെ ആയിരുന്നു. ഭക്ഷ്യ ധാന്യം മരുന്ന് വസ്ത്രങ്ങൾ, പതിവായി കൌരവർ ഹസ്തിനപുരിയിൽ നിന്ന് കഴുതപ്പുറത്ത് സന്യസ്തർക്കെത്തിക്കുന്നുണ്ട്. പകരം കൌരവരുടെ ഭാവിസുരക്ഷയെ ബാധിക്കാവുന്ന പാണ്ഡവ രഹസ്യങ്ങൾ, കണ്ടതും നിരൂപിച്ചതും, താളിയോലയിൽ എഴുതി തിരിച്ചു ദുര്യോധനനും അവർ അയക്കും.”, ആശ്രമങ്ങളിലെ ജൈവമാലിന്യം ദൂരെ കൊണ്ട് പോയി സംസ്കരിച്ചു കുന്നിനു താഴെ ജലാശയത്തിൽ തുണി തിരുമ്മി കളിച്ചു ഈറൻ മുടിയുമായി പടി കയറി വരുന്ന പാഞ്ചാലിയുടെ നിഴൽ കുടിലിനു മുമ്പിൽ വീണപ്പോൾ, പാണ്ഡവർ മാരകായുധങ്ങൾ മൂർച്ചകൂട്ടുന്ന പതിവ് പ്രഹസനം ആരംഭിച്ചു.

“എങ്ങനെ പ്രതികരിക്കുന്നു, ദ്രൗപദിയുടെ നേരെ കൌരവരുടെ ലൈംഗിക അതിക്രമം?”, കൊട്ടാരം ലേഖിക ധൃതരാഷ്ട്രരോട് ചോദിച്ചു. ചൂതാട്ടസഭയിൽ നിന്ന് മന്ത്രി വിദുരർ രാജാവിനെ അന്തഃപുരത്തിൽ എത്തിച്ച സംഘർഷകാലം.

“സ്ത്രീവിരുദ്ധതക്ക് എന്റെ സ്ത്രീസൗഹാർദ്ദ കുരുവംശഭരണത്തിൽ സ്ഥാനമില്ല. ഒരു കൌരവനെ പ്രതിസ്ഥാനത്ത് നിർത്താനുള്ള പാണ്ഡവരുടെ പാഴ്ശ്രമം പിതാമഹൻ വസ്തുതാവിരുദ്ധമെന്നു കണ്ടെത്തിയതു് കൊണ്ടാണല്ലോ അദ്ദേഹം അധ്യക്ഷനായ സഭ മുൻ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയെ തിരുവസ്ത്രമൂരി വൽക്കലം ധരിപ്പിച്ചു നാടു കടത്തിയതു്. ജാഗ്രതക്കുറവ് വരാതിരിക്കാൻ ഭാവിയിൽ ശ്രമിക്കണം എന്നൊരു സദുദ്ദേശ്യ ഉപദേശം മാത്രം കൊടുത്തു. ഇനി വേണ്ട വിവാദം. വസ്ത്രാക്ഷേപം ഒരു പാളിപ്പോയ ആക്ഷേപം ഇനിയതു് അടഞ്ഞ അധ്യായം.”

“സഭാതലത്തിൽ കലാഹൃദയത്തോടെ പ്രവേശിക്കുന്ന വിശിഷ്ടാതിഥികളെ വഴുക്കിവീഴ്ത്തുന്ന ഒരു ചതിനിർമ്മിതി മാത്രമാണ് ഈ ഇന്ദ്രപ്രസ്ഥം കൊട്ടാരക്കാഴ്ച എന്നൊക്കെ ദുര്യോധനൻ ഹസ്തിനപുരി അന്തഃപുരത്തിൽ നിങ്ങളുടെ മോഹനമന്ദിരത്തെ അപലപിക്കുന്നല്ലോ. തടയിടാൻ എന്തുണ്ട് ചുട്ട പ്രതികരണം?”, കൊട്ടാരം ലേഖിക ഇന്ദ്രപ്രസ്ഥം മഹാറാണി പാഞ്ചാലിയോട് ചോദിച്ചു.

“ആതിഥേയർ അനുവദിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ദുരുപയോഗം ചെയ്യുന്ന വിശിഷ്ടാതിഥിയെ അപമാനിക്കാൻ ഞാൻ ആളല്ല, എന്റെ ആരാധകൻ ആയിപ്പോയില്ലേ?”

“വിശ്വവിഖ്യാത തള്ളവിരൽ! ‘ഗുരുദക്ഷിണ’ യായി, പാവം ഈ വിരൽ ആയിരുന്നില്ലേ പണ്ട് ദ്രോണർ മുറിച്ചെടുത്തത്?”, കൈ നീട്ടിയ യോദ്ധാവിനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“മുറിച്ചു നീക്കിയ കൈ വിരലിടം, എന്റെ മുഖത്തേക്കാൾ ജനം, ഗുരുദക്ഷിണയുടെ ചെറുത്തുനിൽപ്പായി തിരിച്ചറിഞ്ഞ കാലമുണ്ടായിരുന്നു. സ്വന്തം അംഗഭംഗം പോലെ വൈകാരികമായി ജനം വിരൽനഷ്ടം അക്കാലത്തു ഏറ്റെടുത്തു. പുതുആഖ്യാനരീതി ഉപയോഗിച്ച് ഭാരതരചനയിൽ പ്രത്യേക പരിഗണന തരാമെന്നു വ്യാസനും, ശിഷ്യൻവഴി, സമ്മതിച്ചു. വിരൽ ഇല്ലാതെ കാര്യക്ഷമമായി അമ്പെയ്യാനും ഞാൻ പഠിച്ചു. വിരൽനഷ്ടം ഞാൻ മിക്കവാറും മറന്നു. ഒരു നാൾ ഉറക്കമുണർന്നപ്പോൾ കണ്ടതെന്തായിരുന്നു? വിദൂര വിദ്യാഭ്യാസത്തിന്റെ പ്രതിഫലമായി ഗുരു, നിർദ്ദയം കടിച്ചെടുത്ത തള്ളവിരലുണ്ട്, ഇരയുടെ കയ്യിൽ തിരിച്ചെത്തിയിരിക്കുന്നു! പരിചയക്കേട്ട് തോന്നി. അമ്പെയ്യുമ്പോൾ, മറ്റുവിരലുകൾ, തിരിച്ചുവന്ന വിരലിനെ തിരസ്കരിക്കുന്ന പോലെയും! പഴംതുണിയെടുത്ത് കൈമൂടിക്കെട്ടി, മറ്റു വിരലുകളുടെ അവഗണനയിൽ നിന്നും രക്ഷപ്പെടുത്തി!”

◇ 2025/04/24 ◇

“കൈകാലുകളിൽ വിലങ്ങില്ലാത്ത അഞ്ചു യുവഭർത്താക്കന്മാർ അടുത്തുണ്ടായിട്ടും പാഞ്ചാലിയുടെ ലൈംഗികപീഡകനെ തടയാൻ കഴിയില്ലെങ്കിൽ, പിന്നെ പടുകിഴവനായ എനിക്കെന്ത് ചെയ്യാൻ ആവും എന്നാണല്ലോ ചൂതാട്ടസഭയിൽ അധ്യക്ഷൻ ആയിരുന്ന ഭീഷ്മർ പറയുന്നത്?”, കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു. പാണ്ഡവർ വനവാസത്തിന് പടിയിറങ്ങുന്ന നേരം.

“ചാരിയിരുന്ന പീഡനദൃശ്യം ആസ്വദിക്കാൻ പടുകിഴവന് പ്രായം തടസ്സമായില്ലല്ലോ. ഞങ്ങൾക്ക് തടസ്സം കൗരവർ കൽപ്പിച്ചു നൽകിയ അടിമത്തവും.”

“ദുര്യോധനനെ നിങ്ങൾ അനുഗ്രഹിച്ചു പോർക്കളത്തിൽ പറഞ്ഞുവിട്ടു, എന്നാൽ നൂറ്റവരിൽ മറ്റു ഇളമുറകൗരവർ?” കൊട്ടാരം ലേഖിക ഗാന്ധാരിയോട് ചോദിച്ചു.

“ചൂതാട്ടപദ്ധതിയുടെ കൃത്യനിർവഹണത്തിൽ അഞ്ച് പാണ്ഡവരെ ഒരു തുള്ളി രക്തം വീഴാതെ അടിമകളാക്കി നിലത്തവൻ ഇരുത്തിയില്ലേ? അതൊരു തുടക്കമായിരിക്കാൻ യുദ്ധരക്ഷ വേണം എന്ന് ഒരു മാതാവ് കരുതിയാൽ!”

◇ 2025/04/25 ◇

“ലോലലോല! ഈ ലോല വിരലുകൾ കൊണ്ടായിരുന്നോ കീചകനെ ഞെക്കിക്കൊന്നത്?”, പാഞ്ചാലിയുടെ കൈവിരലുകൾ നോക്കി കൊട്ടാരം ലേഖിക വിസ്മയിച്ചു.

“ഞെക്കുകയായിരുന്നുവോ ഞാൻ? അതോ അവനിൽ നിന്നും രക്ഷപ്പെടാൻ മോഹിച്ച പരിശുദ്ധ ആത്മാവിനെ ലോലമായി വേർപെടുത്തുകയോ? എന്നാൽ കീചകക്കൊലയാളിയെന്ന ആഗോള പ്രശസ്തി വേണമെന്നതൊരു ‘ഭീമ’മോഹമായിരുന്നു. അതവനു സാധിച്ചു കിട്ടരുതെന്നതു ദ്രൗപദീവാശിയും. രാജവസതിയിൽ വിരാടന്റെ ചാരസാന്നിധ്യം മണത്തറിഞ്ഞ സൈനികമേധാവി കീചകൻ, ഞാനുമൊത്തുള്ള ‘നിശാവിനോദ’ങ്ങൾ നൃത്തമണ്ഡപത്തിനോട് ചേർന്ന വിശ്രമ സങ്കേതത്തിലേക്കു മാറ്റിയതു വധം എളുപ്പമാക്കി. രതിസേവനദാതാക്കൾ വന്നു പോവാൻ രഹസ്യവഴി ഉണ്ടായിരുന്നു. എന്നെ പായക്കുട്ടിനു കീചകൻ ക്ഷണിച്ച രാത്രി, അവന്റെ ലഹരിപാനീയത്തിൽ ഞാൻ മയക്കുമരുന്നു ചേർത്തു. സാഹചര്യങ്ങൾ എന്നെ ഒന്നൊന്നായി തുണച്ചപ്പോൾ തോന്നി പ്രകൃതിയും കീചകവധത്തെ പ്രോത്സാഹിപ്പിക്കയാണോ! ആടിയാടി എന്നെ ആലിംഗനം ചെയ്യുന്നതും, പ്രാപിക്കുന്നതും, ക്ഷീണിച്ചു കിടക്കുന്നതും അന്തം വിട്ടു ഉറങ്ങിപ്പോവുന്നതും ശ്രദ്ധിച്ച എനിക്ക്, മൂക്കും വായും അടച്ചു അവനെ ശ്വാസം മുട്ടിക്കാൻ പട്ടുതലയിണ ആയുധമായി. യുവകോമളനെ ദേഹാധ്വാനമില്ലാതെ ശവമാക്കി ഞാൻ, മേക്കഴുകി അന്തഃപുരത്തിൽ പോയി റാണി സുശേഷ്ണക്കരികെ കിടന്നുറങ്ങി. പിറ്റേന്നറിഞ്ഞു, പരിചാരകർ മണ്ഡപത്തിൽ വന്നപ്പോൾ—ഉറക്കത്തിലെന്ന പോലൊരു കീചകജഡം! ആൾത്തിരക്കു കൂടുംമുമ്പ് ഭീമൻ പുറത്തുവന്നു കീചക കൊലയുടെ ഉത്തരവാദിത്വം സ്വയം ഏറ്റെടുത്തു. ‘സൈരന്ധ്രി’യെന്ന എന്നെ മോശ വിചാരത്തോടു കൂടി പിടിക്കാൻ ശ്രമിച്ച കുടില കീചകൻ പരുക്കൻഭീമ കൈകളിൽ പിടഞ്ഞാണ് ചത്തെന്നവൻ വ്യാജമായി അവകാശപ്പെട്ടു. ഞാൻ നിഷേധിച്ചില്ല. കീചകൻ കാലംചെന്നു എന്നതാണ് കാര്യം. ഒളിജീവിതം നയിക്കുന്ന പാണ്ഡവരുടെ വിരാട രാജധാനിയിലെ സാന്നിധ്യം, ദുര്യോധനനെ അറിയിക്കാൻ കീചകൻ ഏർപ്പാടാക്കുമെന്നറിഞ്ഞ ഞാൻ ചെയ്ത കീചക വധം എവിടെ! പെൺവിഷയത്തിൽ പ്രതികാരമായി ചെയ്തതാണെന്ന ഭീമ ആഖ്യാന നിർമ്മിതിയിൽ സ്ത്രീവിരുദ്ധ മനോഭാവമുണ്ടെന്നൊക്കെ നാളെ വായനക്കാർ സംശയിച്ചാൽ? പാണ്ഡവ സാന്നിധ്യം കീചകദൂതൻ വഴി കൗരവർ അറിഞ്ഞാൽ, ആവർത്തിക്കേണ്ടി വരില്ലേ വ്യാഴവട്ടക്കാല വനവാസമെന്ന ദുരിതപർവ്വം? ഭീമൻ കൊലക്കുറ്റം ഏറ്റെടുത്തു എന്നതപ്പോൾ ചോദ്യചിഹ്നമല്ല, രാത്രി മുഴുവൻ പറഞ്ഞാലും തീരാത്ത കാമനകഥ. “പ്രണയപർവ്വ കീചകൻ” നിങ്ങൾക്ക് വായിക്കാനാകും, കാത്തിരിക്കൂ.”

“പോരാട്ടം കഴിഞ്ഞു പാളയത്തിലെത്തി കളിച്ചു ഭക്ഷണം കഴിച്ച ഉടൻ എടുത്തല്ലോ പനയോലയും നാരായവും. കുരുക്ഷേത്രയുദ്ധം ഭാവി തലമുറയ്ക്കായി അടയാളപ്പെടുത്താൻ ഉറച്ചുവോ, കൗരവ സർവ്വസൈനിക മേധാവി?”, കൊട്ടാരം ലേഖിക ചോദിച്ചു.

“ഇന്നലെ വൈകുന്നേരം യുദ്ധം ചെയ്തു തളർന്നാണ് കൂടണഞ്ഞത്. പുഴയിൽ നീന്തി ചോരയും നീരും കഴുകിക്കളഞ്ഞു പഴച്ചാർ ചുണ്ടോടടുപ്പിച്ചില്ല, ഇടിച്ചുകയറി വന്ന ദുര്യോധനൻ മുഖത്തേക്ക് വിരൽചൂണ്ടി ചോദിക്കുന്നു, എത്ര പാണ്ഡവതല ഇന്ന് വെട്ടി? ഒന്നും വെട്ടിയില്ലെന്നു വിശദീകരിക്കാൻ ഞാൻ വാ തുറന്നില്ല, കയ്യിൽ കയറിപ്പിടിച്ചവൻ കളിയാക്കുന്നു ഒരു പാണ്ഡവതല പോലും ഉരുട്ടാത്ത നിങ്ങൾക്കെങ്ങനെ ഒരു കൂടം പഴച്ചാർ മോന്താൻ കഴിയുന്നു? അപ്പോളുറച്ചു, നിത്യവും പനയോലയിൽ മാനവികതക്കായി രേഖപ്പെടുത്തട്ടെ, ഓമനിച്ചുവളർത്തിയ പാണ്ഡവക്കുട്ടികളുടെ കഴുത്തുവേട്ടേണ്ട നിയോഗം ഞാനെങ്ങനെ കൈകാര്യം ചെയ്യുന്നു.”

“പട്ടാഭിഷേകം കാണാൻ മുൻവരിയിൽ കൗരവരാജ വിധവകളെയും പുത്രവിധവകളെയും പുതുതലമുറ കൗമാരങ്ങളെയും അണിഞ്ഞൊരുങ്ങി കാണാമായിരുന്നല്ലോ. അല്ല, ‘അധിനിവേശ’ പാണ്ഡവർ എങ്ങനെ ഒപ്പിച്ചെടുത്തു ഈ ആൾക്കൂട്ടം?”, യുധിഷ്ഠിര ഭരണകൂടത്തിൽ ചാരവകുപ്പ മേധാവിപദവി പ്രതീക്ഷിക്കുന്ന നകുലനോട് കൊട്ടാരം ലേഖിക ചോദിച്ചു. കഴിഞ്ഞ മാസം ഇതേദിവസം പോരാട്ട വേദിയുടെ മുന്നൊരുക്കം കാണാൻ യുദ്ധകാര്യ ലേഖകനുമൊത്തു കുരുക്ഷേത്ര ഔദ്യോഗികമായി സന്ദർശിക്കുകയായിരുന്ന എന്നവൾ ഓർത്തു.

“പെണ്ണടലിൽ അനുമതിയില്ലാതെ തൊട്ട കൗരവരുടെ കരൾ പറിക്കാൻ മാത്രമല്ല, പെണ്ണടലിൽ തൊടാതെതന്നെ കൗരവ വിധവകളുടെ ഹൃദയം കീഴടക്കാനും യുധിഷ്ഠിര നേതൃത്വത്തിലുള്ള പാണ്ഡവ ജേതാക്കൾ പൂർണ്ണസജ്ജം എന്നിപ്പോഴെങ്കിലും നിങ്ങൾക്ക് തിരിച്ചറിവുണ്ടായല്ലോ, സ്വസ്തി! വാടകക്കൊടുക്കാവുന്ന ആൾക്കൂട്ടത്തെ എങ്ങനെയാണ് ദുര്യോധനൻ നേരത്തോടു നേരം ഹസ്തിനപുരിയിൽ ഒരുക്കിയിരുന്നത് എന്ന് നിങ്ങളും കണ്ടു പരിചയപ്പെട്ടതല്ലേ!”

◇ 2025/04/26 ◇

“പാണ്ഡുവും മാദ്രിയും വിട്ടു പോയശേഷം അഞ്ചു കുട്ടികളുമായി നിങ്ങൾ കാടിറങ്ങി ഹസ്തിനപുരി കൊട്ടാര വാതിലിൽ തട്ടി അഭയം തേടും വരെ ആരാണ് നിങ്ങളെ രക്ഷിച്ചത്?”, കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു.

“നാം മനുഷ്യർക്കൊക്കെ പരിമിതിയില്ലേ കുഞ്ഞേ. എനിക്ക് കുട്ടായതു വിശ്വ പ്രകൃതി. പാണ്ഡുവുമൊത്തു ജീവിതം പീഡാനുഭവം, വിരസവസ്ഥത. സഹനകാലം ജീവിച്ചു തീർത്തു എന്നതാണെന്റെ വ്യക്തിഗതനേട്ടം. കുട്ടികൾ ദേവസന്തതികളായതു സൗകര്യമായി. സാധാരണ മനിതരെ പോലെ അല്ലല്ലോ. മാദ്രിയെ സതി ചെയ്യിക്കാൻ ബലപ്രയോഗവും വേണ്ടിവന്നു. നിലവിളിയും ആളെക്കൂട്ടലും ഉണ്ടാവാതിരിക്കാൻ കൃത്യസമയത്തു ലഹരി എത്തിച്ച സന്യസ്തൻ എത്ര ധന്യൻ! രണ്ടുജഡങ്ങളും ചാരമായപ്പോൾ ഒന്നേ എനിക്ക് കരഞ്ഞു കിടക്കാതെ ചെയ്യാൻ ഉണ്ടായുള്ളൂ, ഇത്രയും കാലം കഴിച്ചുകൂട്ടിയ കുടിലും ചുട്ടെരിക്കുക. അതിനു ഭീമൻ തന്ന പിന്തുണ വലുത്. അതവനെ പിൽക്കാലത്തു തുണച്ചു—ഖാണ്ഡവ വനം വളഞ്ഞു തീയിടാൻ. അപ്പോളവൻ കുടിയേറ്റക്കാരൻ ആയിരുന്നില്ല. പ്രകൃതിയെ കൂട്ടുപ്രതിയാക്കുന്ന അപൂർവ്വ സിദ്ധി!”. ധൃതരാഷ്ട്രരും ഗാന്ധാരിയും വിദുരരും കുന്തിയെ കാത്തു ഉദ്യാനത്തിൽ ഇരുന്നു. ജീവിതാന്ത്യത്തിൽ മഹാപ്രസ്ഥാനം പൂർണ്ണമാവാൻ, കരുത്തുള്ള കുന്തി കൂടെവേണം എന്ന വാശിയിലായിരുന്ന മൂന്നു പേരും.

“തുടങ്ങിയോ ആറുപേരും മറ്റൊരു വനവാസം? യുധിഷ്ഠിരന്റേതു ആലോചിച്ചെടുത്ത തീരുമാനം ആയിരുന്നോ, അതോ ഏകപക്ഷീയമായി അടിച്ചേൽപ്പിച്ചതോ?”, കൊട്ടാരം ലേഖിക ചോദിച്ചു. വൽക്കലം ധരിച്ച പാഞ്ചാലിയുടെ മുഖം വിവർണ്ണമായിരുന്നു.

“ചർച്ച ചെയ്താൽ ഓരോ തവണയും യോഗം കലങ്ങി മാറ്റിവക്കേണ്ടി വരില്ലേ! മറിച്ചു, ഈ ആത്മീയയാത്രയിൽ വൃദ്ധഭർത്താവ് ഒന്നുരണ്ടു ദിവസങ്ങൾക്കുള്ളിൽ കാലം ചെയ്യുമെന്നും, ചെങ്കോൽ മഹാറാണിക്ക് വന്ന ചേരുമെന്നും, പരീക്ഷിത്ത് അധികാരം പങ്കിടുന്നത് താൽക്കാലിക ക്രമീകരണമെന്നും ഇളമുറ നകുലൻ ധൈര്യം തന്നത് ഞാൻ മറക്കുന്നില്ല. സ്വത്തും പദവിയും വിധവയ്ക്ക് വന്നു ചേർന്നാൽ മാതൃമേ അവളുടെ യഥാർത്ഥഭരണ വ്യക്തിത്വം പുറംലോകത്തിനു വ്യക്തമാവൂ എന്നറിയാത്ത, സരളഹൃദയനായ യുധിഷ്ഠിരനെ കുറിച്ച്, മാറിയ ജീവിതാവസ്ഥയിൽ കൂടുതൽ പറയണോ?” ജാലകത്തിന്നപ്പുറത്തു ഇടനാഴിയിൽ, തിരുവസ്ത്രം ധരിച്ചു ചെങ്കോൽ ഒരു കയ്യിൽ നിന്നും മറുകൈയ്യിലേക്കെറിഞ്ഞു അലസമായി നടക്കുകയായിരുന്ന പുതുഭരണാധികാരി പരീക്ഷിത്ത്, പാഞ്ചാലിയുടെ പ്രതികരണത്തിന്നായി ചെവി കൂർപ്പിച്ചു.

“രാവിലെ പാഞ്ചാലി ആൺകുഞ്ഞിനെ പ്രസവിച്ചിട്ടും നിങ്ങൾ ആദ്യത്തെ കൺമണിയെ കാണാൻ അന്തപുരത്തിൽ പോയില്ലേ?”, കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു. ഇന്ദ്രപ്രസ്ഥം.

“ഊഴം അനുസരിച്ച് രതി ക്രമീകരിക്കപ്പെട്ടില്ലാത്ത സമയമായിരുന്നത് കൊണ്ട് ആരൊക്കെ അക്കാലത്ത് പാഞ്ചാലിയുടെ രതിസേവനം നേടി എന്ന് വ്യക്തമല്ല. പാണ്ഡവ പിതൃത്വം തർക്കവിഷയം ആയ സ്ഥിതിക്ക്, കുഞ്ഞിനെ കാണുന്ന കാര്യം പിന്നീട്. തിരക്കുണ്ട്. യമുന കര കവിഞ്ഞു ഒഴുകുന്നല്ലോ. ഒന്ന് പോയി ജനങ്ങൾക്ക് ആശ്വാസം കിട്ടാൻ ഭരണകൂടം ചെയ്യുന്ന സന്നദ്ധശ്രമം എന്തൊക്കെയെന്ന് ഹസ്തിനപുരിയും അറിയട്ടെ.”

“ദുര്യോധനവധം കളി കാര്യമായി കണ്ട ആളല്ലേ? നാടുവിട്ട് പോവുംമുമ്പ് ആ ദുരനുഭവം ചരിത്രത്തിനായി ഒന്നോർത്തെടുക്കാമോ?”, കൊട്ടാരം ലേഖിക മുൻ യുദ്ധകാര്യ ലേഖകനോട് ചോദിച്ചു.

“കൊലവിളിച്ചു വരുന്ന ഭീമനെ, മുഖം ഉയർത്തി ദുര്യോധനൻ നേരിട്ടു. വസ്ത്രാക്ഷേപത്തിൽ നിനക്കിപ്പോൾ പശ്ചാതാപമുണ്ടോ എന്ന് യുധിഷ്ഠിരൻ ചോദിച്ചപ്പോൾ, നിഷേധാർത്ഥത്തിൽ തലയാട്ടി. പാണ്ഡവർ വാളോങ്ങി വളഞ്ഞിട്ടും ഭയകണിക ദുര്യോധനമുഖത്തു കാണാനായില്ല.”

“അലസജീവിയായ അർദ്ധസഹോദരാ, നിന്റെ കയ്യിൽ എങ്ങനെ മാരകായുധമെത്തി? ആണുങ്ങൾക്കുള്ളതല്ലേ ചതി?” എന്നവൻ ഭീമഗദ ചുണ്ടി ചോദിച്ചു. ആജീവനാന്ത ശത്രുവിനെ തുടയിലടിച്ചു ചളിയിൽ വീഴ്ത്തുമ്പോൾ, കൈകൾ മേലോട്ടുയർത്തി ദുര്യോധനൻ താക്കീതിന്റെ സ്വരത്തിൽ എല്ലാവരെയും ഓർമ്മിപ്പിച്ചു: ‘പാണ്ഡവർ വംശീയമായി വിഘടിക്കും, മാദ്രേയരും കൗന്തേയരുമായി അധികാരമോഹത്തോടെ കലഹിക്കും. കുരുവംശകിരീടം യുധിഷ്ഠിരന് മുൾക്കിരീടമാവും. വസ്ത്രാക്ഷേപം എന്ന ഭീമാരോപണത്തിൽ നീ, പാഞ്ചാലി, വീണുപോകരുതേ, ആൺപെൺ പെരുമാറ്റ ശീലുകളുടെ പരുക്കൻ പാണ്ഡവരീതികൾ ഇതിനകം നീ പരിചയപ്പെട്ടിട്ടുണ്ടാവും, ചൂതാട്ടസഭയിലെ ദ്രൗപദീ വസ്ത്രാക്ഷേപം ലൈംഗികാതിക്രമം ആയിരുന്നില്ല, അതൊരമിത പ്രണയാവിഷ്കാരം!’, ഭീമഗദക്കു പ്രഹരിക്കാൻ പാകത്തിൽ ദുര്യോധനൻ സ്വയം അരക്കെട്ടു വിവസ്ത്രമാക്കുമ്പോൾ, അരികെവന്ന പാഞ്ചാലി ഏങ്ങലടിച്ചു. “പ്രിയപ്പെട്ടവനേ, ഞാൻ, ഞാൻ മാത്രം അനുഭവിക്കട്ടെ ഈ പീഡാനുഭവം! കൊതിച്ച പെണ്ണിനെ പ്രലോഭിപ്പിക്കുവാനെന്ന പോലെ, അവളുടെ ഉടൽ പരിപാലിക്കുവാനും, പരിലാളിക്കുവാനും സാധിച്ച നീയല്ലാതൊരു മാതൃകാപുരുഷഭാവന എനിക്കില്ല”.

“‘ചിത്തഭ്രമം ചിത്തഭ്രമം’, എന്നുറക്കെ ഇടപെട്ടു യുധിഷ്ഠിരനും നകുലനും പാഞ്ചാലിയെ ബന്ധനസ്ഥയാക്കി. യുദ്ധം പരിസമാപ്തി എത്തിയതായി വെളിപാടുണ്ടായി. എന്നാൽ, രാത്രി, പാണ്ഡവ പാളയത്തിലെ മിന്നലാക്രമണത്തിൽ പ്രകൃതിദേവത പാണ്ഡവർക്ക് കടുത്തശിക്ഷ ഒരുക്കി വച്ചിരുന്നു. ഹസ്തിനപുരിയിലേക്കു പാഞ്ഞ ഞാൻ ആ നിർണ്ണായക വിവരമറിയാൻ അൽപ്പം വൈകിയോ!” കുരുക്ഷേത്രക്കുശേഷം ഹസ്തിനപുരിയിൽ സൈനിക മന്ത്രാലയം യുധിഷ്ഠിരൻ പിരിച്ചു വിട്ടപ്പോൾ തൊഴിൽരഹിതനായ യുദ്ധകാര്യലേഖകൻ നാടുവിടാൻ ഒരുങ്ങുന്ന നേരം.

◇ 2025/04/27 ◇

“യുധിഷ്ഠിരന്റെ സ്വർഗ്ഗാരോഹണത്തെക്കുറിച്ചു, ഒരംഗീകൃത സത്യസാക്ഷിയെന്ന നിലയിൽ, വാർത്ത ഹസ്തിനപുരി പത്രികയുടെ അരമന ചുവരെഴുത്ത് പതിപ്പിൽ പ്രസിദ്ധീകരിച്ചത് താങ്കൾ അറിഞ്ഞിരിക്കുമല്ലോ.”, കൊട്ടാരം ലേഖിക, പുതിയ മഹാരാജാവ് പരീക്ഷിത്തിന്റെ മുമ്പിൽ മുട്ടുകുത്തി കൈമുത്തി. “മറ്റനാലു പാണ്ഡവരുടെയും ദ്രൗപദിയുടെയും ശവസംസ്കാരം മലയടിവാരത്തിൽ ആചാരപൂർവ്വം നിർവ്വഹിച്ച ശേഷമാണ യുധിഷ്ഠിരൻ സ്വർഗ്ഗവാതിൽ തുറന്ന കിട്ടിയതു എന്ന കഴപ്പം പിടിച്ച ചോദ്യത്തിനു ഉത്തരം ഇപ്പോഴും കിട്ടാതെ നിങ്ങൾ പരുങ്ങുന്നുണ്ടോ?”

“വിമതനീക്കമില്ലാതെ എക്കാലവും ഭരിക്കാൻ യുധിഷ്ഠിരന് സാധിച്ചു എന്നതാണ് എന്നെ വിസ്മയിപ്പിക്കുന്നതു. ദ്വാരകവാസിയായ അഭിമന്യുവിന്റെ മകൻ എന്ന നിലക്ക് ഞാൻ തുറന്നു പറയട്ടെ, പാണ്ഡവർ എന്നോ പടിയിറങ്ങേണ്ടതായിരുന്നു. കാലപ്രവാഹത്തെക്കുറിച്ചു കാലികമായ പരികല്പന പോലും ഇല്ലാതെ, അസ്വീകാര്യനായ കിരീടാവകാശിയായും ബുദ്ധിവികാസമില്ലാത്ത മന്ദനായും രാഷ്ട്രവ്യവഹാരത്തിൽ അജ്ഞനായും അധികാരമോഹിയായ ദ്രൗപദിയുടെ അവിശ്രദ്ധ കൂട്ടുകാരനായും പാണ്ഡവരിൽ ചിലർ ഇകഴ്ത്തുമ്പോൾ, വീര അഭിമന്യുവിന്റെ ഏക പിതാവായ അർജ്ജുനൻ എന്നെ വാക്കാൽ എങ്കിലും പിന്തുണക്കാമായിരുന്നു. കുന്തി കാട്ടുതീയിൽ മരിച്ചിട്ടും കൗന്തേയർ, കുന്തിയുടെ പ്രേതപൂജയിൽ, പിന്നീട് ആശയപരമായി ഒട്ടും വളർന്നില്ല. ആധുനിക ഹസ്തിനപുരിയുടെ ചരിത്രത്തിൽ അവരുടെ സാന്നിധ്യം എത്ര വേഗം റദ്ദാക്കാമോ അതായിരിക്കും എന്റെ നേതൃത്വത്തിലുള്ള ഭരണത്തിന്റെ പരിഗണന. പാവം, യുധിഷ്ഠിരൻ പൊതു ബോധത്തിൽ ആളൊരു ധർമ്മിഷ്ഠനായിരുന്നു, എന്നാൽ ഹൃദയകാപട്യത്തിൽ അദ്വിദീയനും!”

“പാണ്ഡവർ പെരുമ്പറ കൊട്ടി യുദ്ധകാഹളം മുഴക്കുമ്പോൾ, പതുങ്ങിപ്പതുങ്ങിയാണല്ലോ കൗരവപട?”, കൊട്ടാരം ലേഖിക ചോദിച്ചു. പാളയത്തിലെ കുടുസ്സു മുറിയിൽ സഖ്യ കക്ഷി സേനാധിപരുമായി യുദ്ധതന്ത്രം ആവിഷ്കരിക്കുകയായിരുന്ന ദുര്യോധനൻ. സർവ്വസൈന്യാധിപപദവിയുള്ള ഭീഷ്മർ നിശബ്ദം.

“ഞങ്ങൾ കൂട്ടപ്രാർത്ഥന ചെയ്താൽ പാണ്ഡവ പിശാച്ചുക്കളെ പാളയത്തിൽ നിന്നും പുറത്താക്കാൻ കഴിയുമോ! വംശീയ വിഭജനത്തിന്റെയും വ്യക്തി വിദ്വേഷത്തിന്റെയും പൈശാചിക ശക്തിക്കെതിരെ സമരം തുടരൂ, എന്നാൽ അഹിംസാത്മകമായി വേണം എന്നായിരുന്ന ധൃതരാഷ്ട്രരുടെയും ഗാന്ധാരിയുടെയും ഹൃദയവികാരം. കയ്യിൽ വാളെടുത്ത അനുഭവമില്ല ശാന്തിപ്രിയനായ ഹസ്തിന പുരിരാജാവിന്. വിരാട പാണ്ഡവ ഒളിത്താവളം ഊഹിച്ചും വിഭാവന ചെയ്തും ഞാൻ ഒരുവിധം കണ്ടെത്തിയപ്പോൾ, പാണ്ഡവർക്കിടയിലെ കൗന്തേയ നേതൃത്വത്തിനായി വീണ്ടുമൊരങ്കം കുറിക്കുന്ന യുധിഷ്ഠിരനു വിറളിപിടിച്ചുവോ. സംശയിക്കണം. കാരണം മനുഷ്യർ തമ്മിൽ കൊന്നു തീർക്കേണ്ട പോർക്കളത്തിലേക്കവൻ അതീത ശക്തികളെ പ്രലോഭിപ്പിച്ചു ഞങ്ങളെ അവർക്കുമുമ്പിൽ തള്ളിയിട്ടു! എന്നിട്ടും, പ്രാർത്ഥനാനിർഭരമായ അന്തരീക്ഷത്തിൽ ഞാനവനു മൃദുവായ താക്കീതു നൽകി. പ്രിയമുള്ളവനേ, നിന്നിൽ ബാല്യം മുതൽ കുടി കൊള്ളുന്ന വഞ്ചനയും അസൂയയും ദ്രവ്യാസക്തിയും വർജ്ജിക്കാൻ, ചെവിപിടിച്ചു പുറത്താക്കാൻ, വാളെടുക്കണോ ഞങ്ങൾ? നീ പറയണം! മനുഷ്യസ്നേഹത്തിലൂന്നിയ കുരുവംശ യാചന ആ പരമാധികാരമോഹി പുച്ഛിച്ചു. ആകാശങ്ങളിലെ ആയുധപ്പുരകളിൽ നിന്നും, ഭൂമിയിലെ ശാശ്വത സമാധാനത്തിനെന്നു പറഞ്ഞു ദിവ്യായുധ രഹസ്യങ്ങൾ അവർ തട്ടിയെടുത്തു ഇപ്പോൾ ഞങ്ങളെയവർ ഇതാ പെരുമ്പറ കൊട്ടി ‘പേടിപ്പി’ക്കുന്നു. പാണ്ഡവർ കുരുക്ഷേത്രയിൽ യുദ്ധം ജയിക്കണോ? സത്യവതി മാതാവായ കുരുവംശം, പാണ്ഡവ കുരമ്പേറ്റ് നാമാവശേഷമാവണോ? നിങ്ങൾ പറയൂ!”

“പതിനെട്ടുദിവസം യുദ്ധഭൂമിയിൽ ഞാൻ ഓടിനടന്നു. ഒരിക്കലും ദുര്യോധനൻ, ഒരു പാണ്ഡവന്റെ ഇടനെഞ്ചിൽ ഗദ കൊണ്ട് ആഞ്ഞൊന്നു അടിക്കുന്ന രംഗം ഓർക്കാൻ ആവാത്തത് എന്റെ മാത്രം പ്രശ്നമാണോ?” കൊട്ടാരം ലേഖിക കൃപാചാര്യരോട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി.

“ഭീമനെ പോലെ ശവം എണ്ണി എത്രപേരെ ഞാൻ വധിച്ചു എന്ന പോർക്കള മത്സരത്തിൽ ആയിരുന്നുവോ, ധീരദേശാഭിമാനി ദുര്യോധനൻ? അതോ കൗരവരിൽ പാണ്ഡവആയുധങ്ങൾ ഏൽപ്പിച്ച ഗുരുതര മുറിവുകളിൽ ലേപനം പുരട്ടുന്ന ജ്യേഷ്ടസഹോദരനോ? ഓരോ കൗരവമരണവും ദുര്യോധനൻ പരേതപോരാളികളുടെ സൈനികസേവനത്തെ മഹത്വപ്പെടുത്തുവാൻ മാത്രം ചിത കത്തി തീരുംവരെ ഉപയോഗിച്ചു. കഷ്ടം, പാണ്ഡവർക്കുണ്ടോ അത്തരം മൃദുല വികാരങ്ങൾ?”

“അന്തിമപദയാത്രയിലും പാഞ്ചാലി അവസാനമാണല്ലോ? ആരെല്ലാം കൂടെയുണ്ട് എന്ന് നോക്കാതെ യുധിഷ്ഠിരൻ കാൽ മുന്നോട്ടെടുക്കുന്നതിൽ, ആണധികാരപർവ്വം തുടിച്ചു നിൽക്കുന്നത് ആൾ കാണാതെപോയോ?”, പാഞ്ചാലി പടിയിറങ്ങുകയായിരുന്നു. പട്ടാഭിഷേകം ചെയ്ത അധികാരത്തിൽ കയറിയ പരീക്ഷിത്തിന്റെ അമ്മ, ഉത്തര, മട്ടുപ്പാവിൽ ഉദാസീനതയോടെ.

“കുഴഞ്ഞുവീഴുമ്പോൾ, വാരിക്കോരി മരണദേവത പരിലാളിക്കുന്നതു കണ്ടുവേണം, ഈ വിചിത്ര ലോകവുമായുള്ള ബന്ധം വിടാൻ. പത്തു പാണ്ഡവക്കണ്ണുകൾ തുറിച്ചു നോക്കുന്നതായിരിക്കും, മരണമുഹൂർത്തത്തിലെ അമംഗള കാഴ്ച!”

◇ 2025/04/28 ◇

“അസ്തിത്വദുഃഖം, അതു തന്നെയായിരുന്നല്ലേ പരിത്യാഗത്തിന്റെ പ്രചോദനം, അഥവാ പ്രകോപനം?” മഹാപ്രസ്ഥാനയാത്ര തുടങ്ങിയ പാണ്ഡവർ കണ്മുന്നിൽനിന്നും അകന്നപ്പോൾ, പുതിയ ഭരണാധികാരിയായ അഭിമന്യുപുത്രൻ പരീക്ഷിത്തിനോട് കൊട്ടാരം ലേഖിക ചോദിച്ചു, വിമത മഹാറാണി പാഞ്ചാലിയുമായി പരീക്ഷിത്തിന്റെ അവിശുദ്ധ ബന്ധമായിരുന്ന കൊട്ടാര വിപ്ലവത്തിനു പിന്നിൽ എന്നു കുതിരപ്പന്തികളിൽ ചോദ്യം ഉയരുന്ന ദിനങ്ങൾ.

“പിതൃക്കളെ ചതിച്ചു കൊന്നധികാരത്തിൽ ദുരുങ്ങിയ പാണ്ഡവരെ സിംഹാസനത്തിൽ നിന്നും വലിച്ചിഴച്ചു, കണ്ണുകെട്ടി തെരുവിൽ മുട്ടുകുത്തിനിർത്തി തലവെട്ടുമെന്ന്, പുതുതലമുറ കൗരവർ ദുര്യോധനന്റെ മുപ്പത്തിയാറാം ഓർമ്മപ്പെരുന്നാൾ ദിവസം വിരൽ കീറി ചോരതൊട്ട് വിരട്ടി. വയോജനപാണ്ഡവർ ഭീഷണി മണത്തു മഹാപ്രസ്ഥാനം ഏറ്റെടുത്തു തിരുവസ്ത്രം എനിക്കു തന്നു. അതല്ലാതെ മനുഷ്യജീവിതത്തിന്റെ ദാർശനിക വ്യർത്ഥതയെക്കുറിച്ചു എന്തെങ്കിലും ‘വ്യഥ’ ആ ദുർമുഖങ്ങളിൽ ഞാൻ കണ്ടില്ല. തിരക്കുണ്ട്. മുഖ്യധാരയിൽ നിന്നകറ്റി നിർത്തപ്പെട്ട കൗരവ പിൻഗാമികളുടെ വൻ നിര ഇക്കഴിഞ്ഞ മൂന്നു ദശാബ്ദങ്ങൾക്കുള്ളിൽ നിയമവ്യസ്ഥ വെല്ലുവിളിച്ചു സമാന്തര ഭരണകൂടം സ്ഥാപിക്കാൻ ഹീനശ്രമം തുടരുന്നുണ്ട്. കണ്ടില്ലെന്നു നടിച്ചാൽ അഭിമന്യുവിന്റെ പുത്രനാണെന്ന പരിഗണനയെന്നും എനിക്കിനി കിട്ടില്ല. നേരിട്ടിറങ്ങി കൈപിടിച്ചു കൂടെനിർത്തുന്നൊരു “വത്സ പ്രിയഅർദ്ധ സഹോദരാ” എന്ന നവനിർമ്മാണ സാമൂഹ്യപദ്ധതി പ്രഖ്യാപിക്കുകയാണിന്നു അരങ്ങേറ്റ മൈതാനിയിൽ. എന്റെ ഉദ്ദേശ്യശുദ്ധി പൊതുസമൂഹത്തെ ബോധ്യപ്പെടുത്താൻ ഹസ്തിനപുരി പത്രിക ശ്രമിക്കില്ലേ! ഊട്ടുപുരയിൽ കാളത്തുട ബ്രാഹ്മണ പാചകത്തിൽ പൊരിച്ചതും കൂട്ടി വിഭവസമൃദ്ധമായ സദ്യ നിത്യവും സൗജന്യമായി കുരുവംശനാമത്തിൽ നിങ്ങൾക്കും കുടുകാരനും എന്റെ ഉറപ്പ്!”

◇ 2025/04/29 ◇

“അകമറിഞ്ഞിഷ്ടദാനം ചെയ്യവോ പാണ്ഡു നിങ്ങൾക്ക് കുടുംബനാമം? അതോ കുന്തി തട്ടിയെടുത്തവോ പാണ്ഡവകുല പൈതൃകം?”, കൊട്ടാരം ലേഖിക ചോദിച്ചു. കാട്ടുകുടിലിൽ ചൂളിക്കൂടിയിരുന്ന വൃദ്ധപാണ്ഡു, ഒരിക്കൽ ഹസ്തിനപുരി രാജാവായിരുന്ന എന്നവൾ ഞെട്ടലോടെ ഓർത്തു.

“അഞ്ച ‘ദേവ’സന്തതികളും ചേർന്നെന്നെ ഇഞ്ചയും താളിയും തേച്ചു കുളിപ്പിച്ച്, വൃത്തിയുള്ള വസ്ത്രങ്ങൾ ധരിപ്പിക്കുന്നതു കുന്തിയും മാദ്രിയും ശ്രദ്ധിക്കുന്നുണ്ട്. യുധിഷ്ഠിരൻ മുതൽ സഹദേവൻ വരെ ആരും അതിനു മുമ്പ് എന്നെ പരിചരിക്കുകയോ, വിളിച്ചാൽ അരികെ വരുകയോ ചെയ്തിട്ടില്ല. “അച്ഛാ” എന്നവർ ഉപചാരത്തോടെ എന്നെ വിളിച്ചു. “നിയമപരിരക്ഷയുള്ള പാണ്ഡുനാമം ഔപചാരികമായി കൈമാറി ഞങ്ങളെ കുരുവംശ കൂട്ടുകുടുംബ അംഗത്വത്തിന് യോഗ്യരാക്കൂ” എന്നവർ ആവശ്യപ്പെട്ടു. “അനിശ്ചിതമായ മനുഷ്യ ജന്മത്തിൽ പിതൃഘടനയനുസരിച്ചു നിങ്ങൾ മക്കളോട് ചെയ്യേണ്ടതെല്ലാം കർത്തവ്യബോധത്തോടെ ചെയ്യണം” എന്നവർ അർഥംവച്ചു പറഞ്ഞപ്പോൾ, ഭീമന്റെ മുഖഭാവം കണ്ടു ഭയന്ന് കണ്ണടച്ച എനിക്കൊന്നേ വാതുറന്നു ആശംസിക്കാൻ ഉണ്ടായിരുന്നുള്ളൂ—നമുക്കിടയിൽ രക്ത ബന്ധമില്ലെങ്കിലും നിങ്ങളിന്നു മുതൽ അംഗീകൃത പാണ്ഡവർ. മുൻ ഹസ്തിനപുരി രാജാവായ എന്റെ ഇനിയും കലഹരണപ്പെട്ടിട്ടില്ലാത്ത കുരുവംശ സ്വത്തവകാശത്തിൽ നിങ്ങൾ, ധൃതരാഷ്ട്ര പുത്രന്മാരായ കൗരവർക്കൊപ്പം, തുല്യപങ്കാളികൾ. എന്റെ മരണശേഷം നിങ്ങൾ ഹസ്തിനപുരിയിൽ ഏതുവഴി സ്വീകരിച്ചും അവകാശം നേടിയെടുക്കേണ്ടവർ. കണ്ണ് തുറന്നു ഞാൻ നോക്കിയപ്പോൾ, അയല്പക്കത്തു നിന്നെത്തിയ സന്യാസിമാർ സത്യസാക്ഷികളെന്ന നിലയിൽ നാരായമന കൊണ്ട് എന്റെ വാമൊഴി, ഔദ്യോഗികസാധുതയുള്ള പനയോലയിൽ, മരണമൊഴിയാക്കുന്നു. എല്ലാം നേരത്തേ പറഞ്ഞുറപ്പിച്ചപോലെ നേടിയ രക്തരഹിത വിപ്ലവം സഫലമായ സംതൃപ്തിയിൽ, കുന്തിയും മാദ്രിയും പരസ്പരം അർത്ഥഗർഭമായി നോക്കുന്നു” ക്ഷീണംകാരണം വിശ്രമിക്കാൻ മാദ്രിയുമൊപ്പം കിടപ്പറയിൽ കയറിയ പാണ്ഡു, ദുരൂഹ സാഹചര്യത്തിൽ മരിച്ചുകാണപ്പെട്ടു. ഭീമൻ ശാരീരികമായി സമ്മർദ്ദം ചെലുത്തിയപ്പോൾ, മുതിർന്ന വിധവ കുന്തിയനുഷ്ഠിക്കേണ്ട സതി, മാദ്രിയനുഷ്ഠിച്ചു. അഞ്ച പാണ്ഡവരുമായി ഹസ്തിനപുരിയിലേക്കു പാണ്ഡുവിധവ കുന്തി പദയാത്രയായി.

“സത്യവാങ്മൂലത്തോടൊപ്പം നീതിപീഠത്തിന് പാഞ്ചാലി പരാതി കൈമാറിയിട്ടും, നിങ്ങൾക്കെതിരെ ഒരു കൗരവൻ പോലും വിമതശബ്ദമുയർത്തിയില്ല എന്നതൊരു ദുസ്സൂചന നൽകുന്നുണ്ടെന്നു ചാർവാകൻ. എങ്ങനെ പ്രതികരിക്കുന്നു?”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“സുതാര്യമായിരിക്കണം യോഗങ്ങൾ എന്ന രാജനീതി തുണച്ചു. വനിതകൾക്ക് പ്രവേശനാനുമതി നിഷേധിക്കണം ചൂതാട്ട സഭയിൽ, എന്ന നിബന്ധന വച്ചതു ഇന്ദ്രപ്രസ്ഥം ചക്രവർത്തി യുധിഷ്ഠിരനായിരുന്നു. സഭാധ്യക്ഷന്റെ അനുമതിയില്ലാതെ അകത്തുകയറിയവർക്കെതിരെ, ജീവഹാനിയിൽ താഴെ മാതൃകാപരമായ ശിക്ഷ കൊടുക്കാമെന്നും സഭ അംഗീകരിച്ചു. അല്പവസ്ത്രയായി സഭയിൽ പ്രത്യക്ഷപ്പെട്ട മുൻചക്രവർത്തിനി പാഞ്ചാലിക്ക്, ‘ലൈംഗികമോ അതിക്രമപരമോ മിശ്രിതമോ’ ആയ പരാതിയുണ്ടെങ്കിൽ, നീതിപീഠത്തിന്റെ പരസ്യവിചാരണയിൽ ആദ്യം പ്രതിക്കൂട്ടിൽ കയറുക അവളായിരിക്കും. ചൂതാട്ട സഭയിൽ സംഭവിച്ചതൊക്കെ പനയോലയിൽ നാരായരേഖയാക്കി ഭീഷ്മ കയ്യൊപ്പോടുകൂടി കൈവശമുണ്ട്. പൗരാവകാശങ്ങൾ തീർത്തും നിഷേധിക്കപ്പെട്ട പാഞ്ചാലിക്ക് നീതിപീഠത്തിൽ പരാതി പറയാനുള്ള യോഗ്യതയില്ലെന്ന സഭാരേഖ വായിച്ചാൽ ‘സാക്ഷരചാർവ്വാക’നും മനസ്സിലാവും. ഇതൊക്കെ മനസ്സിലാവുന്ന ഇളമുറ കൗരവക്കുട്ടികൾ എനിക്ക് പിന്തുണതരില്ലേ? ഹസ്തിനപുരിയിൽ ഒരു തുള്ളി ചോര വീഴ്ത്താതെ നേടിയ ഇന്ദ്രപ്രസ്ഥം രാജധാനി, ഞങ്ങളുടെ വന്ദ്യമാതാവ് ഗാന്ധാരിക്ക് ഇന്ന് സമർപ്പിക്കും!”

“കുപ്രസിദ്ധ ‘വേട്ട’ക്കാർ മുതൽ അമ്മ ഗാന്ധാരിക്ക് പേരോർമ്മയില്ലാത്ത മറ്റനേകം കിഴങ്ങൻ കൗരവരും നീണ്ട കാല ആരാധകർ എന്നു നിങ്ങൾ അഭിമാനിക്കാറുണ്ട്. വനവാസക്കാല കഷ്ടപ്പാടു നേരിൽ കാണാൻ ഒരാളെങ്കിലും പന്ത്രണ്ടു വർഷക്കാലമായി ഈ വഴി വന്ന ഓർമ്മയുണ്ടോ?”, കൊട്ടാരം ലേഖിക ചോദിച്ചു. കിടപ്പറ ജാലകത്തിലൂടെ വെയിലലകൾ വനമേഖലയിലെ കുന്നിൻപുറത്തു ഒഴുകുന്നു. പാണ്ഡവർ ഇളമാംസ രുചിയറിയാൻ നായാട്ടിനു പോയ നേരം.

“ഓരോ വെളുത്തവാവിനും ധാന്യവും വസ്ത്രവും പരിമള ലേപനവുമായി ഹസ്തിനപുരിയിൽ നിന്നും വന്നിരുന്നവർ പിന്നെ ആരെന്നാണ് അനുമാനിക്കുന്നത്?” കുളികഴിഞ്ഞു ഈറനുടുത്ത പാഞ്ചാലി, കൗരവ സമ്മാനപ്പൊതി തുറന്ന് സുഗന്ധ തൈലമെടുത്തു നഗ്നമേനിയിൽ സാവകാശം പുരട്ടി.

“ഒരുമിച്ചിരുന്ന സംസാരിച്ച തീർക്കേണ്ട മൂപ്പിളമത്തർക്കം വാളും ഗദയുമുള്ള പോരാട്ടംവഴി പരിഹരിക്കാൻ, ദേശീയ പ്രശ്നമായി വികസിപ്പിച്ചെടുത്തതിനെതിരെ ജനരോഷമിരമ്പുന്നുണ്ടല്ലോ. ഒരു മഹായുദ്ധത്തിന്റെ ആവശ്യമെന്തായിരുന്നു?” കൊട്ടാരം ലേഖിക ചോദിച്ചു.

“ആരാദ്യം ജനിച്ചു എന്ന ജനനത്തീയതിയിലേക്കൊതുക്കുകയാണോ ആഗോള ശ്രദ്ധയാകർഷിച്ച കൊട്ടാര പ്രതിസന്ധി? അരാജക പാണ്ഡവരുടെ ഭീകരവാദം അത്ര എളുപ്പം നിങ്ങൾ തള്ളിക്കളയുമോ? കൗരവാനു കൂലിയായിരുന്ന വിരാട സൈനികമേധാവിയായിരുന്ന ആറംഗ പാണ്ഡവസംഘത്തിന്റെ അജ്ഞാതവാസം പൊളിച്ചെടുത്തതു. പക്ഷേ, പൊള്ളുന്ന ആ അരമനരഹസ്യം അങ്ങാടിപ്പാട്ടാക്കാൻ ആ കറകളഞ്ഞ ദേശാഭിമാനി ശ്രമിച്ചില്ല. ചാരസംവിധാനം വഴി ഞങ്ങൾക്ക് തുമ്പ് തന്നു. ഭീഷണിമണത്ത ഭീമൻ മിന്നലാക്രമണത്തിൽ കീചകനെ (വിരാട രാജ്ഞിയുടെ അനുജനുമാണ് ആ അവിവാഹിതയുവാവ്) കൊന്നത് മതിയായിരുന്ന ശത്രുപദവി നൽകി പാണ്ഡവരെ എന്നെന്നേക്കുമായി ഇല്ലായ്മ ചെയ്യാൻ. എന്നാൽ പരിഷ്കൃതസമൂഹമെന്നു പൊതുസമൂഹം വിശ്വസിക്കുന്ന കുരുവംശം അത്തരം എളുപ്പവഴിക്കു പോയില്ല പകരം സൂക്ഷ്മതലത്തിൽ അടിസ്ഥാന സൗകര്യ വികസനത്തോടെ കുരുക്ഷേത്രയെ കായികബല പരീക്ഷക്ക് അണിയിച്ചൊരുക്കി. അപ്രതീക്ഷിത യുദ്ധനീക്കം പാണ്ഡവർ ഹസ്തിനപുരി കോട്ടക്കെതിരെ രഹസ്യമായി തുടങ്ങി വെക്കാതിരിക്കാൻ, സ്ഥലവും തീയതിയും ഞങ്ങൾ പരസ്യമാക്കിയതോടെ സ്വീകരിക്കുകയല്ലാതെ പാണ്ഡവർക്ക് വേറെ വഴിയില്ലാതായി. ചുറ്റും നടന്നു ഒന്ന് നോക്കി വരൂ, എല്ലാവരും എത്തിക്കഴിഞ്ഞു. ഇനി നേരം വെളുത്തു ശംഖുമുഴങ്ങുന്നതോടെ പാണ്ഡവതലകൾ ഒന്നൊന്നായി കൊയ്യാൻ ഒരുങ്ങുകയായി” പോർക്കളത്തിന്റെ നാലതിരുകളിലൂടെ കുതിരയോട്ടം വഴി കുരുക്ഷേത്രയുടെ മികച്ച യുദ്ധക്ഷമത ഒരിക്കൽ കൂടി തക്ഷശില ഗവേഷക വിദ്യാർത്ഥികൾക്കു വേണ്ടി ഉറപ്പു വരുത്തുകയായിരുന്ന ദുര്യോധനൻ.

◇ 2025/04/30 ◇

“എഞ്ച് പറ്റി ഉണ്ണീ എന്ന് വിലപിച്ച നിങ്ങൾ, ദുര്യോധന ന്റെ അടുത്തേക്കോടി ചെല്ലുന്നതിനു ഞങ്ങൾ സാക്ഷി! ഭീമ ഗദാപ്രഹരത്തിൽ നടുവൊടിഞ്ഞ ‘അർധസഹോ ദര’നപ്പോൾ നിങ്ങളോടെന്താണ് രഹസ്യം പറഞ്ഞതു?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. ദേശരത്ന പുരസ്കാരം കൗരവപോരാളികൾക്ക് സമർപ്പിക്കുന്ന യു ദ്ധാനന്തര പൊതുവേദിയിൽ കൗരവരാജവിധവകൾ കറു ത്ത ശിരോവസ്ത്രങ്ങൾ ധരിച്ചു നിലത്തിരുന്നു.

“ഗംഗയാറൊഴുകുന്ന നാട്ടിൽ നിങ്ങൾക്ക് ഇനി സമാധാന പർവ്വം.” അവൻ അനുഗ്രഹിക്കുന്ന ചേഷ്ടയോടെ മൃദുവായി പറഞ്ഞു. അതോടെ പതിനെട്ടുനാൾ പോരാട്ടം റദ്ദു ചെയ്യ പ്പെട്ട പോലെ ഉൾവിളി തോന്നി. എളിമയോടെ ഞാൻ മുട്ടിൽ ഇഴഞ്ഞു ശത്രുവിന് അന്ത്യചുംബനം നൽകി. പാ ണ്ഡവ പക്ഷത്തേക്കു തിരിച്ചുവന്നു,

“ജീവൻ പോയിട്ടില്ല, എങ്കിലും മാരകമായി അവനു മുറി വേറ്റിരിക്കുന്നു. പാണ്ഡവ നന്മപക്ഷം മഹാഭാരതയുദ്ധം ജയിച്ചു എന്ന് ഇനി വൈകാതെ ലോകത്തോട് പ്രഖ്യാപി ക്കാം എന്ന് അടക്കം പറഞ്ഞു. ഇതിലെന്താണ് ധർമ്മപു ത്രർക്ക് യോജിക്കാത്ത പദങ്ങൾ? മാധ്യമപ്രവർത്തകർ എന്നു കുരുതി എഞ്ച് മലീമസ ചോദ്യവും പുതിയ മഹാരാ ജാവിനോട് ചോദിക്കാമെന്നോ?”

“കുന്തിയുടെ വിവാഹബാഹ്യ ഗർഭങ്ങളുടെ ബീജഉറവിടം അതീതശക്തികളിൽ ആരോപിക്കപ്പെടുന്ന മാതൃത്വസാ ഹചര്യം കുരുവംശത്തിൽ കാണുന്നതിൽ ആശങ്കക്ക് അടിസ്ഥാനമുണ്ടോ?”, കൊട്ടാരം ലേഖിക ചാർവാകനോ ട് ചോദിച്ചു. പ്രത്യക്ഷത്തിൽ രാജയോഗ്യതയുള്ള അഞ്ചു കുട്ടികളുമായി പാണ്ഡുവിധവ കുന്തി, ഹസ്തിനപുരി കൊട്ടാ രത്തിൽ കടന്നുകൂടിയ വിവാദ ദിനങ്ങൾ.

“കുന്തി തുടങ്ങിവച്ചതല്ലേ ‘ആകാശചാരി’കളുടെ ആശങ്കാ ജനകമായ ബീജദാനം? പാണ്ഡുവിന്റെ കായിക ക്ഷമത യെക്കുറിച്ച പൊതുജനത്തെക്കാൾ പരിജ്ഞാനം, രാപ്പ നി അറിയുന്ന ഭാര്യക്കായിരിക്കാം എന്ന സാമാന്യബോ ധത്തിൽ നോക്കുമ്പോൾ, മാതൃത്വം എന്ന മഹത്തായ അവകാശ സംരക്ഷണത്തിനായി കുന്തി, വിവാഹബാ ഹ്യരതിയിലൂടെ ബീജസംഭരണം ചെയ്തു എന്നതിൽ ഗാ ന്ധാരിയോ ധൃതരാഷ്ട്രരോ പരാതിപ്പെട്ടിട്ടില്ലല്ലോ. പഞ്ച പാണ്ഡവരുടെ ജൈവികപൈതൃത്വം ആർക്കെന്നതല്ല കാര്യം, ഈ അഞ്ചുകുട്ടികളുടെ പാണ്ഡവ എന്ന വംശീയ നാമം കുരുവംശീയതയുടെ പിൻതുടർച്ചയായി കാണാ മോ എന്നതാണ് കൗരവർക്കുള്ള മുഖ്യ അവകാശതർ ക്കം. പാണ്ഡു, നിയമസാധുതക്കായി നടപടിക്രമം ശരി യായി ചെയ്തിട്ടുണ്ട് എങ്കിൽ, അത് അയാളുടെ കരുതൽ. എന്നാൽ ഇതിൽ കുന്തി സ്വീകരിച്ചവഴി അനാവശ്യമായ രഹസ്യാത്മകത നിറഞ്ഞതായി. യുധിഷ്ഠിര പിതൃത്വം കാലനിൽ അല്ല, വിദുരരിൽ ആണെന്ന കൗരവ കണ്ടെ ത്തൽ തെളിവിന്റെ ബലത്തിലാണോ? അതുപോലെ ഭീമന്റെ അച്ഛൻ കാട്ടാളവംശജൻ എന്നും ഇടക്കാലത്തു കേട്ടിരുന്നു. വൈകുന്നേരമായാൽ കുളിച്ചുശ്രദ്ധമായി മുടി യിൽ പൂ ചൂടി കുന്തി പടിയിറങ്ങിപ്പോവുന്ന ഓർമ്മച്ചിത്രം ഭീമൻ പങ്കിടുന്നതു കേട്ടവരുണ്ട്. ബാല്യനിഷ്കളങ്കത നഷ്ട പ്പെട്ടപ്പോൾ ആ കഥ പിന്നെ ആരും കേൾക്കാതായി. തേച്ചു മാച്ചു കളയാവുന്ന വിധത്തിലൊരു ഐതിഹ്യപ്പെ രുമയുടെ ആവശ്യം എന്തായിരുന്നു? ധൃതരാഷ്ട്രർ എന്ന ‘കുറുമ്പൻ ആന’യുടെ വന്യ രതിപരീക്ഷണങ്ങൾക്കു വഴ ങ്ങാൻ ഗാന്ധാരാഭിമാനം സമ്മതിക്കില്ലെന്ന് ഭാര്യ ഗാ ന്ധാരി തുറന്നു പറഞ്ഞപ്പോൾ, വഴിവിട്ട രതിയുടെ ഉപാ സകനായ ധൃതരാഷ്ട്രർ, കൊട്ടാര സേവന ദാതാക്കളിൽ പെണ്ണടലുള്ള ആരുമായും സുരതക്രിയക്ക് തയ്യാറായി. അങ്ങനെ തിരുപ്പിറവിയെടുത്ത നൂറു കുട്ടികൾക്കു കുരു വംശീയ മുദ്ര നിയമസാധുതയോടെ സമ്മാനിച്ച് ധൃതരാ ഷ്ട്രർ സാധാരണക്കാർക്കായി ഐതിഹ്യങ്ങൾ സൃതന്മാ രെ പഠിപ്പിച്ചു. അതു പോലെ സുതാര്യ പിന്തുടർച്ചക്കായി വസ്തുത, കൊട്ടാരത്തിലെങ്കിലും വെളിപ്പെടുത്താൻ കുന്തി തയ്യാറാവുമോ?”

“തക്ഷശിലയിലെ രാഷ്ട്രമീമാംസ വിദ്യാർത്ഥിജീവിത ത്തിൽ, പലകുറികേട്ട പദമാണ് മഹാഭാരതയുദ്ധം. യുദ്ധ കഥയുടെ ഏകപക്ഷീയ പുനരാഖ്യാനം വ്യാസന്റെ വരുതി യിലാണെന്നറിഞ്ഞു. നിങ്ങളഞ്ചു പേരുടെയും യുദ്ധകാല സ്മരണകൾ വായിക്കാൻ, വരും തലമുറയ്ക്ക് കൗതുകം ഉണ്ടാവില്ലേ? മൂന്നു ദശാബ്ദക്കാല ഭരണത്തിൽ മഹാറാ ണിയുടെ ഉത്സാഹത്തിൽ സംഭവിച്ച സാക്ഷരത ഞങ്ങളു ടെ ചുവർപത്രികകൾ ഇരുപത്തിരണ്ടിലേക്കു ഉയർത്തി. വായനക്കാരൊക്കെ വഴിയിൽ അന്തം വിട്ടു ചോദിക്കുന്നു, ആരാണ് ഈ പാണ്ഡവർ?, എന്താണവർക്കു കുരുവംശ വുമായി കൂട്ടുകെട്ട്?” പുതിയ കൊട്ടാരം ലേഖിക നകുല നോട് ചോദിച്ചു.

“ഞങ്ങൾക്ക് ഓർമ്മകൾ അല്ല, പകരം നിങ്ങളുടെ മുൻ കൊട്ടാരം ലേഖികകൾ ദശാബ്ദങ്ങളായി ചോദിക്കുന്ന ചോദ്യങ്ങൾക്കു ഞങ്ങളുടെ പ്രതികരണങ്ങളാണ്. എന്നു വച്ചാൽ, നിങ്ങൾ ചോദ്യം നിർത്തിയാൽ ഞങ്ങളുടെ സ്മര ണകളുടെ പ്രവാഹം ഉടൻ നിലക്കും.”

“ഗംഗയിൽ നീന്തിക്കുളിക്കുമ്പോൾ ബാലദുര്യോധനനെ, പതുങ്ങി പിന്നിൽ ചെന്നു നിങ്ങൾ ചുമലിൽ ഇരുകൈ ബലമായമർത്തി മുക്കിക്കൊല്ലാൻ ശ്രമിച്ച എന്ന കൗ രവ പരാതി പിതാമഹനുമുമ്പിൽ എത്തിക്കഴിഞ്ഞല്ലോ. ഇത്തവണ നരഹത്യശ്രമത്തിൽ നിന്നും എങ്ങനെ തല യൂരും?” കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

“ഉന്മൂലനാശം എന്ന അസാധാരണ വാക്കുപയോഗിച്ച വൻ, കുറച്ചുനേരമായി ഭീഷണിപ്പെടുത്തുകയായിരുന്നു. അർത്ഥമറിയാതെ ഞാനൽപ്പം വിവശനായി. അപകടം മണത്തു. കയ്യിൽ തടഞ്ഞ അവന്റെ ചുമലിൽ ഇരുകൈക ളും അമർത്തി, ‘നോക്കട്ടെ എത്ര നേരം മുങ്ങിക്കിടന്നു ശ്വാ സം പിടിച്ചു നിൽക്കാനാവു’മെന്ന പരീക്ഷണം! ‘വെള്ള ത്തിനടിയിൽ നൂറെണ്ണംവരെ ശ്വാസം പിടിക്കാൻ ഞാൻ പഠിച്ചു’ എന്നുരുവിട്ടുകൊണ്ടല്ലേ ആർത്തുവിളിച്ചു ദുര്യോധ നൻ കരകയറിയത്? സുരക്ഷാസൈനികർ അഭിനന്ദിച്ച തൊക്കെ അവൻ മറന്നു അല്ലേ? ഞാനും പഠിച്ചു ചെറിയ പാഠം, വലിയൊരവസരം വീണു കിട്ടിയാൽ, ജലാശയ ത്തിൽ കഴുത്തറ്റം ഒളിഞ്ഞു കിടക്കുന്ന ദുര്യോധനനെ മുടി യിൽ വലിച്ചു കരകയറ്റി ഈ കൈകൾ കൊണ്ട് യഥാർ ത്ഥ ‘ഉന്മൂലനാശം’ ഞാൻ ഉറപ്പു വരുത്തും!” മാരക അഭി ലാഷങ്ങളുമായി ബാലഭീമൻ നെഞ്ചുവിരിച്ചു സ്വയം വിദൂര ഭാവി പ്രവചിച്ചു.

കെ പി നിർമ്മൽകുമാർ



കവി, നോവലിസ്റ്റ് , ചെറുകഥാകൃത്ത്. ആദ്യ കഥ “ഇരുമ്പിന്റെ സംഗീതം” മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്നു. ആദ്യസമാഹാരമായ “ജലം” കേരളം സാഹിത്യ അക്കാഡമി അവാഡ് നേടി.

പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

കഥാസമാഹാരങ്ങൾ

1. ഒരു സംഘം അഭയാർത്ഥികൾ
2. കൃഷ്ണഗന്ധകജ്വാലകൾ
3. ചേലക്കരയുടെ അതീതസ്വപ്നങ്ങൾ
4. പ്രവീൺ നമ്പൂതിരിപ്പാട് പരാതി തുടരുന്നു
5. മാനാഞ്ചിറയിലെ പൊട്ടിച്ചിരിക്കുന്ന പത്രാധിപർ
6. തിരഞ്ഞെടുത്ത കഥകൾ

നോവൽ

1. ജനമേജയന്റെ ജിജ്ഞാസ
2. ഇന്നത്തെ അതിഥി അതീതശക്തി

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014